The book by a former IAS officer describing more than 300 years of history of modern economics and major shift happened at the economic theory and the policy level is of high academic standard and a valuable contribution to the debate on economic theory and policy practised by the modern capitalist world. The most interesting aspect of the book that makes it different from other academic exercises is that it presents the historical context in which major Schools of Thought like Mercantilism, Classical Economics, Keynesianism, Monetarism and Supply Side Economics emerged, its policy directions and failure to solve the serious emerging problems of the third world countries. The book has ten chapters covering the various aspects of globalization or Colonisation.He argues that globalization is free flow of technology, free flow of capital, free flow of human resources, goods and services among countries. This is a dominant socio-economic and political philosophy of the 21st century. He says that globalization is not a new phenomenon, but extension of the policy of colonization, which started with industrial Revolution in England. The history of colonization has been traced from the 18th century and linked it up with the present phase of globalization. The two world wars were the result of competition for world hegemony, required for continuation of industrial revolution in the West and to reiterate the supremacy of Anglo-Saxon establishments. Colonialism is essentially an economic phenomenon and has outlived its formal political end. Economics and politics being closely inter-related, economic globalization will also lead to political globalization with consequent loss of national

**Economics and politics being closely inter-related, economic globalization will also lead to political globalization with consequent loss of national sovereignty.**

* *Lecturer in Economics, College of Engineering, Thiruvananthapuram*
*Email:drcapriyesh@gmail.com*

sovereignty. Globalisation process consists of a strong Centre, with dominant states and a weak periphery of third world countries. The book advises a repetition of history should be avoided, atleast by the countries, which had been under foreign domination. Colonialism was also justified as a policy of mutual benefit to the colonies and the colonial power, as the former was getting the benefit of international division of labour through import of technology and finished goods from the latter and export of primary goods. There is a technological bondage in global financial capital out flows. In 1991 there was a study by World Bank which says that 37.5 per cent projects of it in UDCs were a failure. Foreign financial projects have been failure due to mismatch of technology and the local economy. It is the control over technology which is the key to the dominance of the third world countries by the developed countries. He argues that we have technical man power so we should develop technology suited to our own socio-economic conditions instead of going in for the so – called state of the art technology which comes in attractive packages with a huge foreign exchange bill and touch only the fringe of our economy. More over, state of the art technology of today becomes outdated tomorrow and the mismatch between technology and economy hardly gives the desired results. He argues with widely acknowledged studies and data that the industrial revolutions in the successfully industrialized countries show that countries which have industrialized successfully have followed their own pattern suited to their socio-economic and cultural conditions

**Industrial revolution in Britain should not be treated as a mere economic phenomenon powered by technical knowledge. It should be treated as the result of colonization.**

The book is divided into ten chapters. The first chapter presents the linkage between industrial revolution and colonization. Industrial revolution started in England about the time when the East India Company gained its first foothold in India as a territorial power. The British and Indian peoples had roughly similar per capita levels of industrialization at the on set of the industrial revolution (1750). India’s level was only one hundredth of the U.K. by 1900.This benefit didn’t percolate to the bulk of the British people. It led to decimination of British peasantry and de-industrialisation of India. Industrial revolution in Britain should not be treated as a mere economic phenomenon powered by technical knowledge. It should be treated as the result of colonization. Great Britain was the predominant colonial country with a colonial possession of an area nearly hundred times of its own area. Economy of such huge colonial empire with total

control over territory and populace has not been properly analysed by the Anglo-Saxon School of economic thoughts. There are two types of colonization. One is colonies of exploitation for example India, Sri Lanka, etc. and second is colonies of settlement for example Newzealand, Australia, Zimbave, North America, South Africa, etc. Spanish colonization was the most horrible of colonization marked by greed and ferocity of the conquerors where as English colonization was undoubtedly humane in its methods. But the result has been paradoxical. Spanish colonization has left behind a large part of the native population in the Spanish-American colonies, while English colonization has ended in the complete disappearance of the native population of America and Australia. *The second chapter* presents the adverse results of industrial revolution in England. Industrial revolution for one country at the cost of industrial revolution for others. But Germany is another country which industrialized rapidly without formal colonies. They found market in less developed European countries (Eastern Europe) was also the main reasons for the two world wars. Even Japan, which was a major country participated in the Second World War was motivated by its economic interest of dominance of British colonies in Asia. Colonial pattern of development has taken place with transfer of resources from poor to the rich, from periphery to the centre, from rural to urban. One point to be noted is that the British economists of the 19th century consistently avoided a historical approach to economics, as that would have exposed British industrial revolution in its true colours. Any debate on this direction was stopped as encouraging obscurantism and anti-progress by the new managers of the economy armed with their one-dimensional Anglo-American economic theories. British industrial revolution was nothing neither more nor less than exploitation of the economies of the colonies and large-scale displacement of British peasantry, who had to be accommodated in the newly acquired colonies. Industrialisation in the national context, relevant to India, was hardly studied and the trend was to super impose theories developed in a different context, which had already become outdated in the Indian context. One dangerous practice was that the solution to global economic crisis and depression in advanced capitalism was sought to be applied for economic development of newly independent countries. Keynesian revolution succeeded the industrial revolution as an adhoc theory of countering

**British industrial revolution was nothing neither more nor less than exploitation of the economies of the colonies and large-scale displacement of British peasantry, who had to be accommodated in the newly acquired colonies.**

the industrial depression in Britain during the thirties, just before the Second World War, became the all-encompassing theory of development. Dennis Robertson at the out set of his Cambridge lecturers, delivered between 1945-46 to 1956-57, warned the under graduate students about the controversial nature of Keynes's General Theory and to supplement its readings by critical writings on the same. *The third chapter* elaborately explains the economics of colonization. Laws of economics are relative and valid for particular situations in the economic history of a nation. To the British economists, the economic forces generated by the industrial revolution in that country was universal and economic laws were accordingly formulated. What was good for Britain was good for the entire world, irrespective of differences in socio-economic conditions. But great personalities like Arnold Toynbee argued against this dominant view and the need for region specific models of development. His dream of this way of study never materialized because of his premature death and lack of followers. Adam Smith advocated free trade at a time when British manufacturing industries, particularly the textile mills had increased their capacity through various practical innovations. Trying to universalize economic laws has been one of the greatest disservices to the science of economics. The attempt by the third world countries to formulate their development plans on the basis of these economic laws has created serious imbalances in their economy and has kept them perpetually indebted, leading to erosion of their economic independence. *The fourth chapter* argues that free trade should not be considered as a panacea for development of Indian economy. Free trade philosophy promotes the theory of Darvinism-the theory of survival of the fittest. When the U.K was following free trade, the U.S policy was free internal trade and regulated foreign trade. The U.S formed the views and theory suited to their interest and it was naturally opposed to the U.K.Schumpeter finds that the English free traders argued from their respective national stand points and advocated policies that suited some group interests better than others. So there are no universal laws in economics. When Britain was following aggressive free trade policy in the 19th century, because it suited the country's stage of development at that period. He has pointed out that India's increasing reliance on information and communication technology to cater to foreign demand makes India extremely vulnerable to recession in the U.S.A.This sector in the U.S economy has already reached

**India's increasing reliance on information and communication technology to cater to foreign demand makes India extremely vulnerable to recession in the U.S.A.**

saturation point and carries considerable excess. *In the fifth chapter*, he argues that the *laissez faire* (non-intervention of state) should not be considered as a solution for economic growth and development.

*The sixth chapter* presents what should be our priority: luxury or necessity? Historical coincidence of industrial revolution and colonization was not an accident but a deliberate design. Without heavily populated colonies like India, the prosperity and industrial revolution in the U.K. cannot survive for a long time. The colonial rulers had the task of cultural colonialism, which provided a growing market for export of such goods and services from England to India. The rich Indians emulated the life style of the British Lords. Individual and national identities are lost in this cultural colonization which is now known as globalization. He is arguing that while selling the Modern Bread to private parties, the government didn't think of the urban poor and our poor school children. *In the seventh chapter* he narrates the fickle fashions in economic policy. Lord John Maynard Keynes (J.M. Keynes) was a great advocate of easy money policy and abundance of credit for economic prosperity. Keynesian prescriptions failed in developing countries due to inelastic nature of agriculture sector and high inflation. Keynes found D.Robertson's ideas inconvenient and chose to ignore it. An academically and theoretically sound thesis will not shy away from an academic debate. The relation between agriculture and industry does not form a part of the theoretical frame work of the General Theory of Keynes.Kenynes was highly intolerant of his critics and he had high hope in capitalism and he could avoid economists jumped into Marxist band wagon. Indian planning was over influenced by Keynesian school because of the economic experts trained in British Universities or Anglo-Saxon schools. In India Dr.B.S.Minhas resigned from Planning Commission protesting against high inflationary practice (Keynesian model of deficit financing).But no one from the academic world or Planning Commission came to his support. It is of importance to note that deficit financing started with the recommendation of the IMF in its report in 1953.N.Kaldor says that the deficit financing imply a corresponding increase in privately owned wealth. *The eighth chapter* is titled as ***Economic Darwinism–*** *survival of the richest*. This theory of economic Darwinism never considered natural resources

**This theory of economic Darwinism never considered natural resources like forest wealth is for the needs of a village community, but for support of market forces motivated by greed and huge profit.**

like forest wealth is for the needs of a village community, but for support of market forces motivated by greed and huge profit. A basic cultural clash is sought to be introduced in rural communities by destroying the culture of co-operation and replacing the same by the culture of competition. Daniel Headrick study has exposed the myth of private enterprise pioneering the industrial revolution in the 19$^{th}$ century. *The ninth chapter* makes a correlation between technology and economy. He argues that in the history of economic development no country has been benefited from a simple transfer of technology from another country. Science and innovation are different and one need not be confused with the other. Economic success of scientific knowledge, when put in the form of technology depends on numerous variable conditions, socio-economic situation being the major factor. He is arguing for developing indigenous technology suited to the local economy-village economy of India. But countries like India provide to the west an excellent market for dumping outdated technology. *In the tenth chapter*, he mentions the area of international capitalism and India. It is argued that there is close link between World Bank imperialism and the U.S.A.The Reagan administration of the U.S had a natural impulse of turning the agency from international development into an instrument to promote the private sector. Reagan administration was the first to realize that the battle for world dominance has shifted from the ideological front to the economic front and tailor its policies accordingly. Reagan administration chose the multilateral development banks, IMF and GATT for pursuing its policy of 'America first'.

**Economic success of scientific knowledge, when put in the form of technology depends on numerous variable conditions, socio-economic situation being the major factor.**

This book is a valuable contribution to the debate on western economic theories (theories developed to suit the development stage of western capitalists' economies) and the need for promoting native development models suited to its stage of economic development considering the historical, cultural, social and political dimensions.

***(Kalyan Ray (2005) "Gobalisation or Colonisation", Deep & Deep Publications Pvt.Ltd, New Delhi)***

# ആർ. ശങ്കറും കമ്മ്യൂണിസ്റ്റുപ്രസ്ഥാനവും

ഡോ. കെ. ജയപ്രസാദ്*

**കേ**രളത്തിന്റെ രാഷ്ട്രീയ-സാംസ്കാരികമണ്ഡലത്തിൽ ബഹുമുഖപ്രതിഭ തെളിയിച്ച വ്യക്തിത്വമാണ് ആർ. ശങ്കറിന്റേത്. എസ്.എൻ.ഡി.പി. യോഗത്തിലൂടെ പൊതുരംഗത്തു വന്ന് കോൺഗ്രസിന്റെ അനിഷേധ്യനേതാവായി ഉയർന്ന് സംസ്ഥാന ഉപമുഖ്യമന്ത്രിയും മുഖ്യമന്ത്രിയുമായി ശോഭിച്ച ആർ. ശങ്കർ വിദ്യാഭ്യാസരംഗത്തു നടത്തിയ സംഭാവനയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടു കാണിച്ച വിട്ടുവീഴ്ചയില്ലാത്ത സമീപനവും എടുത്തുപറയേണ്ടതാണ്. ഹിന്ദുസമൂഹത്തിന്റെ ഐക്യത്തിനും, ഹിന്ദു ഏകീകരണത്തിനുമായി നടത്തിയ ശ്രമങ്ങളും വിലയിരുത്തപ്പെടേണ്ടതാണ്. സാമൂഹിക, രാഷ്ട്രീയ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ശങ്കറിന്റെ ഇടപെടലുകൾ അർഹിക്കുന്ന തരത്തിൽ അവലോകനം ചെയ്യാതെ പോയതും ചില പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും ബോധപൂർവമായ ശ്രമംകൊണ്ടായിരുന്നു. കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തോടു വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് ശങ്കർ സ്വീകരിച്ചത്. കേരളത്തിന്റെ രാഷ്ട്രീയരംഗം കൂടാതെ ബൗദ്ധിക സാംസ്കാരികമണ്ഡലവും ഇടതുപക്ഷമേൽക്കോയ്മയിൽ അമർന്ന വേളയിലാണ് ശങ്കർ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിനെതിരെ പടനയിച്ചത്. വർഗ്ഗീയശക്തികൾക്കു മേൽക്കോയ്മയുണ്ടായിരുന്ന വിമോചനസമരത്തെ ശങ്കറിന്റെ നേതൃത്വത്തിൽ കോൺഗ്രസ് പിന്തുണച്ചത് സ്റ്റാലിനിസത്തെ തളയ്ക്കാൻ ഒരു 'അടവുനയം' എന്ന നിലയിലായിരുന്നു. നെഹ്റുവിന്റെ എതിർപ്പുണ്ടായിട്ടും ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾക്കു താത്പര്യമില്ലാതിരുന്നിട്ടും ആദ്യത്തെ കമ്മ്യൂണിസ്റ്റുസർക്കാരിനെ താഴെയിറക്കാൻ ശങ്കർ ശ്രമിച്ചത് ജനാധിപത്യപ്രസ്ഥാനങ്ങളെ സംരക്ഷിക്കാനായിരുന്നു. ശങ്കറിന്റെ ശ്രമമുണ്ടായിരുന്നില്ലെങ്കിൽ പിൽക്കാലത്ത് ബംഗാളിൽ ഉണ്ടായതുപോലെ ജനാധിപത്യത്തിന്റെ പിൻബലത്തിൽ സ്റ്റാലിനിസ്റ്റുപാർട്ടി കേരളമടക്കി വാഴുമായിരുന്നു. ഭാരതഭരണഘടനയോടു കൂറില്ലാത്ത, ഭാരതത്തിന്റെ അഖണ്ഡതയിൽ വിശ്വാസമില്ലാത്ത കമ്മ്യൂണിസ്റ്റുഭരണകൂടത്തെയാണ് വിമോചനസമരത്തിലൂടെ ശങ്കർ നേരിട്ടത്. 1962-ൽ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഒരു വിഭാഗം ചൈന അനുകൂല നിലപാടെടുത്തത് ശങ്കറിന്റെ നിലപാട് ശരിവയ്ക്കുന്നു. ഈ രാജ്യദ്രോഹസമീപനമാണ് ശങ്കർ നേരത്തെ തിരിച്ചറിഞ്ഞത്. 1957ൽ ഒറ്റയ്ക്ക് അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റുപാർട്ടിക്ക് പിന്നീട് ഒരിക്കലും ജാതി-മതശക്തികളെ കൂടെ നിർത്താതെ അധികാരം ലഭിച്ചില്ല എന്നതും ശ്രദ്ധേയമാണ്.

**ആർ. ശങ്കർ വിദ്യാഭ്യാസരംഗത്തു നടത്തിയ സംഭാവനയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടു കാണിച്ച വിട്ടുവീഴ്ചയില്ലാത്ത സമീപനവും എടുത്തുപറയേണ്ടതാണ്. ഹിന്ദുസമൂഹത്തിന്റെ ഐക്യത്തിനും, ഹിന്ദു ഏകീകരണത്തിനുമായി നടത്തിയ ശ്രമങ്ങളും വിലയിരുത്തപ്പെടേണ്ടതാണ്.**

** റീഡർ, പോസ്റ്റ് ഗ്രാഡ്വേറ്റ് ആൻഡ് റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, ശ്രീനാരായണ കോളജ്, കൊല്ലം. e-mail: kjayaprasad60@gmail.com*

കമ്മ്യൂണിസ്റ്റ് മുഖംവെടിഞ്ഞ് 'ഇടതു-ജനാധിപത്യ'ത്തിന്റെ ലേബൽ സ്വീകരിക്കാൻ കമ്മ്യൂണിസ്റ്റുപാർട്ടികൾ തയ്യാറായത് വിമോചനസമരത്തിന്റെ സ്വാധീനം കൊണ്ടാണ്. ഇതു ശങ്കറിന്റെ വിജയമാണ്.

ശങ്കറിനെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും ശങ്കറിന്റെ ജന്മശതാബ്ദിവർഷത്തിൽപോലും കാര്യമായിനടന്നില്ല. ഇടതുപക്ഷാഭിമുഖ്യമുള്ള കേരളത്തിലെ സാംസ്കാരിക-ബൗദ്ധികമണ്ഡലം ശങ്കറിന്റെ സ്മരണയെ ഭയക്കുന്നു. കാരണം ശങ്കർ കമ്മ്യൂണിസ്റ്റ് ആശയങ്ങളെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പഠിച്ചതിനുശേഷമാണ് എതിർത്തത്. അടിസ്ഥാന ജനവിഭാഗത്തിന്റെ ഉന്നമനത്തിനു വിപ്ലവ-രാഷ്ട്രീയശൈലി സഹായകമാകില്ല എന്നു ശങ്കർ തിരിച്ചറിഞ്ഞു. ശങ്കറിന്റെ മുന്നറിയിപ്പു സ്വീകരിക്കാത്തതുകൊണ്ടാണ് പുന്നപ്ര-വയലാറിൽ പിന്നാക്കജനവിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾ ബലിയാടായത്. അറിയപ്പെടുന്ന ഒരു കമ്മ്യൂണിസ്റ്റുനേതാവിനുപോലും പരിക്കുപറ്റാത്ത ഈ സമരത്തിൽ നൂറുകണക്കിന് ഈഴവ-പിന്നാക്കവിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ കൊല്ലപ്പെടുകയായിരുന്നു. കമ്മ്യൂണിസവും കമ്മ്യൂണിസ്റ്റുപാർട്ടിയും പിന്നാക്കജനവിഭാഗങ്ങളുടെ പുരോഗതിക്കു ഗുണകരമാവില്ല എന്ന നിലപാട് ശങ്കറിനുണ്ടായിരുന്നു.

1930കളിൽ കേവലം സമരസംഘടനയായി അധഃപതിച്ച എസ്.എൻ.ഡി.പി. യോഗത്തിനും ഈഴവസമുദായത്തിനും ആത്മാഭിമാനം പകർന്ന്, സ്വാശ്രയബോധമുണർത്തി, സമഗ്രപുരോഗതി ലക്ഷ്യമാക്കിയുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചത് ശങ്കറിന്റെ നേതൃത്വമാണ്. കുമാരനാശാന്റെയും ടി.കെ. മാധവന്റെയും അകാലനിര്യാണം എസ്.എൻ.ഡി.പി. യോഗത്തിനു വൻനഷ്ടമുണ്ടാക്കി. വൈക്കം, ഗുരുവായൂർ സത്യാഗ്രഹസമരങ്ങൾ ഉയർത്തിയ ഹിന്ദുസാഹോദര്യം ദുർബലമായി. ഹിന്ദുമതത്തിൽനിന്നും ഈഴവസമുദായം പുറത്തുപോകണമെന്നു മിതവാദി കൃഷ്ണനെപ്പോലുള്ളവരുടെ വാദവും, സഹോദരൻ അയ്യപ്പന്റെയും സി. കേശവന്റെയും വിപ്ലവാശയങ്ങളും ഈഴവസമൂഹത്തിൽ ശക്തമായ ചലനങ്ങൾ ഉണ്ടാക്കി. നിരീശ്വരവാദത്തെയും യുക്തിവാദത്തെയും അവർ ശക്തിപ്പെടുത്തി. റഷ്യൻവിപ്ലവത്തിന്റെ ആരാധകരായിരുന്നു സഹോദരൻ അയ്യപ്പനും സി.കേശവനും. അങ്ങനെ ശ്രീനാരായണഗുരു വിഭാവനംചെയ്ത സാമൂഹികവിപ്ലവത്തിന്റെയും സാമൂഹികസമന്വയത്തിന്റെയും പാതയിൽനിന്ന് ഈഴവസമുദായത്തിലെ ഒരു വിഭാഗത്തെ രാഷ്ട്രീയവിപ്ലവത്തിന്റെ വക്താക്കളാക്കാൻ എസ്.എൻ.ഡി.പി. യോഗത്തിന്റെ പുതിയ നേതൃത്വത്തിനു കഴിഞ്ഞു. മാത്രമല്ല, തിരുവിതാംകൂറിലെ നിവർത്തനസമരം (1931) വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ ഉയർത്തിവിട്ട ഹിന്ദുസാഹോദര്യത്തിന്റെ തകർച്ചയ്ക്കു കാരണവുമായി. എൻ.എസ്.എസ്-എസ്.എൻ.ഡി.പി. നേതൃത്വങ്ങൾ രണ്ടു ചേരിയിലായി നിലയുറപ്പിച്ചു. സാമൂഹികനവോത്ഥാനത്തിന്റെ പന്ഥാവുവിട്ട്, രാഷ്ട്രീയസ്വപ്നങ്ങൾ താലോലിക്കാൻ സമുദായസംഘടനകൾ തുടങ്ങുന്നതു നിവർത്തനസമര

**ശങ്കറിനെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും ശങ്കറിന്റെ ജന്മശതാബ്ദിവർഷത്തിൽപോലും കാര്യമായിനടന്നില്ല. ഇടതുപക്ഷാഭിമുഖ്യമുള്ള കേരളത്തിലെ സാംസ്കാരിക-ബൗദ്ധികമണ്ഡലം ശങ്കറിന്റെ സ്മരണയെ ഭയക്കുന്നു.**

ത്തിലൂടെയാണ്.

കമ്മ്യൂണിസ്റ്റുപാർട്ടി രംഗത്തുവരുന്നതിനു മുൻപുതന്നെ സോവിയറ്റ് യൂണിയനിലെ മാറ്റങ്ങളെക്കുറിച്ചു ജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ സഹോദരൻ അയ്യപ്പനെപ്പോലുള്ളവർ വലിയ പങ്കുവഹിച്ചിരുന്നു. 1940കളോടെ സമുദായസംഘടനകളെ പിടിച്ചെടുക്കാൻ കമ്മ്യൂണിസ്റ്റുപാർട്ടി ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തി. 'എസ്.എൻ.ഡി.പി. യോഗത്തെ പിടിച്ചെടുക്കുക' എന്ന ആശയത്തിനു പ്രകടമായ രൂപം നൽകിയത് സ്റ്റേറ്റ് കോൺഗ്രസിന്റെ യുവചൈതന്യമായ കമ്മ്യൂണിസ്റ്റുവിഭാഗമായിരുന്നു. എല്ലാ ബഹുജന സംഘടനകളിലും പുരോഗമനവാദികളും കമ്മ്യൂണിസ്റ്റുകളും കടന്നുകൂടുക എന്നതായിരുന്നു കമ്മ്യൂണിസ്റ്റുകളുടെ കാഴ്ചപ്പാട്. അത് ഇന്ത്യൻകമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജനകീയ അടവുനയത്തിന്റെ കാലഘട്ടമായിരുന്നു.[1] (ദേശീയസ്വാതന്ത്ര്യസമരത്തെയും ക്വിറ്റിന്ത്യാസമരത്തെയും തള്ളിപ്പറഞ്ഞ ബ്രിട്ടീഷ് അനുകൂല നിലപാടെടുത്ത കാലഘട്ടവുമായിരുന്നു അത്). ആയിടയ്ക്ക് ഇ.എം.എസ്. നമ്പൂതിരിപ്പാടിനെപ്പോലുള്ള കമ്മ്യൂണിസ്റ്റുനേതാക്കൾ സമുദായസംഘടനകളുടെ പ്രവർത്തനത്തിൽ പങ്കെടുത്തു. ഇ.എം.എസ്. നമ്പൂതിരിയോഗക്ഷേമസഭയുടെ അദ്ധ്യക്ഷനായി. ഈഴവരായ കമ്മ്യൂണിസ്റ്റു നേതാക്കന്മാരും പ്രവർത്തകരും എസ്.എൻ.ഡി.പി. യോഗകാര്യങ്ങളിൽ സജീവരായി. ആർ. സുഗതൻ, സി.ജി. സദാശിവൻ, സി.കെ. വേലായുധൻ മുതലായവർ തിരുവിതാംകൂർ എസ്.എൻ.ഡി.പി. യോഗത്തിലും, പി.ഗംഗാധരൻ, ടി.കെ. രാമകൃഷ്ണൻ എന്നിവർ കൊച്ചി എസ്.എൻ.ഡി.പി. യോഗത്തിലും സ്ഥാനങ്ങൾ വഹിച്ച കമ്മ്യൂണിസ്റ്റുകളാണ്. സഹോദരൻ അയ്യപ്പൻ 1945-ൽ കൊച്ചിയിൽ സംഘടിപ്പിച്ച ചരിത്രപ്രസിദ്ധമായ അവകാശപ്രഖ്യാപനറാലിയുടെയും സമ്മേളനത്തിന്റെയും നടത്തിപ്പിൽ പി. ഗംഗാധരനും ടി.കെ. രാമകൃഷ്ണനും നിർണ്ണായപങ്കുവഹിച്ചു.[2]

**സംഘടനയ്ക്ക് പുതിയ ഊർജ്ജവും കരുത്തും പകരുന്നതിനും ബഹുജന അടിത്തറ വിപുലപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളാണ് ശങ്കർ ആദ്യം ചെയ്തത്. എൻ.എസ്.എസ്. ഉൾപ്പെടെ മറ്റു പ്രസ്ഥാനങ്ങളുമായി അടുക്കുന്നതിനുള്ള ശ്രമങ്ങളും ശങ്കറിന്റെ ഭാഗത്തുനിന്നുണ്ടായി.**

ഈ പശ്ചാത്തലത്തിലാണ് 1944ൽ ആർ. ശങ്കർ എസ്.എൻ.ഡി.പി. യോഗത്തിന്റെ ജനറൽ സെക്രട്ടറിയാകുന്നത്. സംഘടനയ്ക്ക് പുതിയ ഊർജ്ജവും കരുത്തും പകരുന്നതിനും ബഹുജന അടിത്തറ വിപുലപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളാണ് ശങ്കർ ആദ്യം ചെയ്തത്. എൻ.എസ്.എസ്. ഉൾപ്പെടെ മറ്റു പ്രസ്ഥാനങ്ങളുമായി അടുക്കുന്നതിനുള്ള ശ്രമങ്ങളും ശങ്കറിന്റെ ഭാഗത്തുനിന്നുണ്ടായി. കേരളത്തിന്റെ രാഷ്ട്രീയമണ്ഡലം പുതിയ രൂപവും ഭാവവും കൈവരിക്കുന്നത് 1940കളിലാണ്. കോൺഗ്രസ് ദുർബലമാകുകയും പിന്നാക്കജനവിഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റുപാർട്ടി വേരുറയ്ക്കുന്നതും ഈ കാലഘട്ടത്തിലാണ്. ക്വിറ്റിന്ത്യാസമരത്തെത്തുടർന്ന് കോൺഗ്രസ് നേതൃത്വം പൂർണമായും ജയിലിലാകുകയും കമ്മ്യൂണിസ്റ്റുപാർട്ടിക്ക് ബ്രിട്ടീഷ് സർക്കാരിന്റെ സഹായം ലഭിക്കുകയും അതിലൂടെ പ്രവർത്തനസ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തതും കേരളത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വളർച്ചയ്ക്കു ശക്തിപകർന്നു. ഈ കാലഘട്ടത്തിലാണ് ദേശാഭിമാനി ആരംഭിച്ച് മാധ്യമ

രംഗത്തു പാർട്ടി കടന്നുവരുന്നത്. ക്വിറ്റിന്ത്യാസമരവിരുദ്ധമുദ്രാവാക്യങ്ങളും ജപ്പാൻവിരുദ്ധവികാരവും ഇളക്കിവിട്ട് സർക്കാരിന്റെ ഒത്താശയോടെ വിവിധ പ്രചാരണമാധ്യമങ്ങൾ ഉപയോഗിച്ച് 1941-45 കാലഘട്ടത്തിൽ കമ്മ്യണിസ്റ്റുപാർട്ടി വൻശക്തിയായി. 1945-ൽ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതോടെ കമ്മ്യൂണിസ്റ്റുപ്രചാരണയുദ്ധവും അവസാനിച്ചു. പിൽക്കാലത്ത് ഉണ്ടാകാനിടയുള്ള തിരിച്ചടി ഭയന്നാണ് സർ. സി.പി. വിരുദ്ധസമരവും പുന്നപ്ര-വയലാർ സമരവും രൂപംകൊണ്ടത്.

നേതൃത്വരാഹിത്യംകൊണ്ട് ഒരു മഹാപ്രസ്ഥാനവും സമുദായവും ശ്രീനാരായണ ദർശനങ്ങളിൽനിന്ന് അകന്ന് വിപ്ലവരാഷ്ട്രീയപാതയിലേക്കു കാൽവച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് എസ്.എൻ.ഡി.പി. യോഗനേതൃത്വത്തിലേക്ക് ആർ.ശങ്കർ കടന്നുവരുന്നത്. ആത്മവിശ്വാസത്തിന്റെയും സ്വാഭിമാനത്തിന്റെയും സ്വാശ്രയത്തിന്റെയും പാതയാണ് അദ്ദേഹമൊരുക്കിയത്. നിഷേധത്തിന്റെ തത്ത്വശാസ്ത്രംപേറി അസഹിഷ്ണുത മുഖമുദ്രയാക്കിയ രാഷ്ട്രീയചാവേറുകളായി ഈഴവസമൂഹം മാറുന്നതു തടയാൻ ശങ്കറിനു കഴിഞ്ഞു. പിന്നാക്കസമുദായങ്ങൾ ചെങ്കൊടിയേന്തി വിപ്ലവപാത സ്വീകരിക്കുന്നത് ആത്മഹത്യാപരമാകുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. വിദ്യകൊണ്ട് പ്രബുദ്ധത നേടാനും, സാമൂഹികമണ്ഡലത്തിൽ ആത്മവിശ്വാസത്തോടെ നേതൃത്വം അലങ്കരിക്കുവാനും അടിസ്ഥാന ജനവിഭാഗങ്ങളെ തയ്യാറാക്കുവാനുള്ള കർമ്മപദ്ധതികളാണ് അദ്ദേഹം സ്വീകരിച്ചത്. എസ്.എൻ.ഡി.പി. യോഗം ഉന്നതവിദ്യാഭ്യാസരംഗത്തു വൻകുതിച്ചുചാട്ടം നടത്തുന്നത് ശങ്കറിന്റെ നേതൃത്വത്തിലാണ്. പിൽക്കാലത്ത് ശങ്കറിന്റെ ഭരണകാലത്താണ് സംസ്ഥാനവ്യാപകമായി ഏതാണ്ട് അറുപതു കോളജുകൾ സ്ഥാപിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസമേഖലയിലും സംസ്ഥാനത്ത് നിരവധി സ്ഥാപനങ്ങൾ ഉയരുന്നത് ശങ്കറിന്റെ ഭരണകാലത്താണ്. സംഘടനകൊണ്ടു ശക്തിയും വിദ്യാഭ്യാസംകൊണ്ട് സ്വാതന്ത്ര്യവും നേടുകയെന്ന ഗുരുദേവന്റെ സന്ദേശം പ്രായോഗികതലത്തിൽ കൊണ്ടുവരാനാണ് ശങ്കർ ശ്രമിച്ചത്. സാംസ്കാരികമുന്നേറ്റം കൂടാതെ ഒരു പുരോഗതിയും ഉണ്ടാകില്ല. അവശവിഭാഗങ്ങൾ സാമൂഹികമായ അടിമത്തത്തിൽനിന്നു രാഷ്ട്രീയമായ അടിമതത്തത്തിലേക്കു പോകുന്നത് അദ്ദേഹം കണ്ടു. രാഷ്ട്രീയവും സാമൂഹികവും ആയ സ്വാതന്ത്ര്യം നേടണമെങ്കിലും, ആ സ്വാതന്ത്ര്യം നിലനിർത്തണമെങ്കിലും, അവശജനവിഭാഗങ്ങൾ വിദ്യാഭ്യാസം നേടണമെന്നു ശങ്കർ കരുതി.

**നിഷേധത്തിന്റെ തത്ത്വശാസ്ത്രംപേറി അസഹിഷ്ണുത മുഖമുദ്രയാക്കിയ രാഷ്ട്രീയചാവേറുകളായി ഈഴവസമൂഹം മാറുന്നതു തടയാൻ ശങ്കറിനു കഴിഞ്ഞു. പിന്നാക്കസമുദായങ്ങൾ ചെങ്കൊടിയേന്തി വിപ്ലവപാത സ്വീകരിക്കുന്നത് ആത്മഹത്യാപരമാകുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.**

എസ്.എൻ.ഡി.പി. യോഗത്തിന്റെ അൻപതാം വാർഷികസമ്മേളനത്തിൽ ശങ്കറിന്റെ വിദ്യാഭ്യാസവിപ്ലവത്തിന്റെ സന്ദേശം കാണാം. അദ്ദേഹം പറയുന്നു: ഒരു വിഭാഗത്തിനും ഇനി പരിരക്ഷകളുടെ തണലിൽ മുന്നേറുക സാദ്ധ്യമല്ല. തുറന്ന രംഗത്ത് ആരോടും മത്സരിച്ച് ഏതു സ്ഥാനവും കരസ്ഥമാക്കാമെന്ന ആത്മവിശ്വാസവും അതിനുള്ള കഴിവും സമ്പാദിച്ചെങ്കിൽ മാത്രമേ ഇനി ഏതു വിഭാഗത്തിനും ഇവിടെ കഴിഞ്ഞുകൂടുക സാദ്ധ്യമാകുക

യുള്ളൂ. ഈഴവർക്കും മറ്റുചില പിന്നാക്കസമുദായങ്ങൾക്കും സംസ്ഥാനസർക്കാരിൽനിന്നു പ്രാതിനിധ്യവിഷയത്തിൽ ചില രക്ഷാവ്യവസ്ഥകൾ തത്കാലം കിട്ടിയിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കകം ആ വ്യവസ്ഥകൾ സ്വയം നശിക്കുന്നതാണ്. അതിനിടയിൽ ആരോടും മത്സരിച്ച് സ്വന്തം അവകാശം സംരക്ഷിക്കാനുള്ള പ്രാപ്തി ഉണ്ടാക്കിത്തീർക്കണം... സ്വാശ്രയശീലമൊന്നു മാത്രമേ നമ്മെ രക്ഷിക്കുകയുള്ളൂ. നമ്മുടെ സംഘടന ഉപയോഗപ്പെടുത്തി വിദ്യാഭ്യാസസൗകര്യങ്ങൾ നൽകാം. ഈ സൗകര്യങ്ങൾ വേണ്ടപോലെ പ്രയോജനപ്പെടുത്താൻ നമ്മുടെ ചെറുപ്പക്കാർ മനഃപൂർവ്വം കരുതി പ്രവർത്തിച്ചില്ലെങ്കിൽ നമ്മുടെയും അവരുടെയും ഭാവി ശോഭനമായിരിക്കുകയില്ല.[3]

എസ്.എൻ.ഡി.പി. യോഗത്തിന്റെ മറ്റു നേതാക്കളിൽനിന്നു ഭിന്നമായി ആർ. ശങ്കറിന്റെ പാത ശ്രദ്ധേയമാകുന്നത്, അദ്ദേഹത്തിന്റെ ഊന്നൽ സമരരൂപങ്ങൾക്കല്ല, മറിച്ച് സമുദായത്തിന്റെ സമഗ്രപുരോഗതിക്കു സഹായകമാകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിലായതുകൊണ്ടാണ്. സഹോദരൻ അയ്യപ്പനും സി. കേശവനും സമരപാതയാണ് സ്വീകരിച്ചത്. സ്വയം ശാക്തീകരിക്കാതെ കേവലം സമരപാതയിലൂടെ മുന്നേറാൻ കഴിയില്ല എന്നു ശങ്കർ തിരിച്ചറിഞ്ഞു. അറിവാണ് സ്വാതന്ത്ര്യം, അറിവാണ് ശക്തി. വിദ്യാഭ്യാസപുരോഗതിയിലൂടെ മാത്രമേ ഈഴവസമുദായം സ്വതന്ത്രമാകൂ, ശക്തമാകൂ എന്നു ശങ്കർ വിശ്വസിച്ചു.

**രണ്ടാംലോകമഹായുദ്ധത്തെ ജനകീയയുദ്ധമെന്നു വിശേഷിപ്പിച്ച്, ദേശീയസ്വാതന്ത്ര്യസമരത്തെ തുരങ്കംവച്ച് ബ്രിട്ടീഷ് അനുകൂലനിലപാടെടുത്ത കമ്മ്യൂണിസ്റ്റു പാർട്ടിക്ക് അതു മഹാപാപമാണെന്നും തെറ്റാണെന്നുമുള്ള ബോധം ഇപ്പോഴെങ്കിലും ഉണ്ടായോ എന്നു ശങ്കർ ചോദിക്കുകയുണ്ടായി.**

## ആർ.ശങ്കറും പുന്നപ്ര-വയലാർ സമരവും

ആർ. ശങ്കറിന്റെ കമ്മ്യൂണിസ്റ്റുസമീപനം ഏറെ പഠനമർഹിക്കുന്നു. കാരണം, കമ്മ്യൂണിസ്റ്റുപാർട്ടി നേതൃത്വം നൽകിയ പിന്നാക്കസമുദായത്തിൽപ്പെട്ട പാവപ്പെട്ട തൊഴിലാളികളെ ബലികൊടുത്ത പുന്നപ്ര-വയലാർസമരത്തെയും ആദ്യത്തെ കമ്മ്യൂണിസ്റ്റുസർക്കാരിന്റെ പതനത്തെയുംക്കുറിച്ചു പറയുമ്പോൾ ആദ്യം മുന്നിൽവരുന്നത് ആർ. ശങ്കറിന്റെ നാമമാണ്. 1945-ൽ എസ്.എൻ.ഡി.പി. യോഗത്തിന്റെ വാർഷികറിപ്പോർട്ടിൽ കമ്മ്യൂണിസ്റ്റുപാർട്ടിയെ ശങ്കർ വിമർശിക്കുന്നു. രണ്ടാംലോകമഹായുദ്ധത്തെ ജനകീയയുദ്ധമെന്നു വിശേഷിപ്പിച്ച്, ദേശീയസ്വാതന്ത്ര്യസമരത്തെ തുരങ്കംവച്ച് ബ്രിട്ടീഷ് അനുകൂലനിലപാടെടുത്ത കമ്മ്യൂണിസ്റ്റുപാർട്ടിക്ക് അതു മഹാപാപമാണെന്നും തെറ്റാണെന്നുമുള്ള ബോധം ഇപ്പോഴെങ്കിലും ഉണ്ടായോ എന്നു ശങ്കർ ചോദിക്കുകയുണ്ടായി.[4]

1945-ൽ യുദ്ധാനന്തരം ഉടലെടുത്ത പ്രത്യേക സാഹചര്യത്തിലാണ് തിരുവിതാംകൂർ ദിവാനായ സി.പി. രാമസ്വാമി അയ്യർ അമേരിക്കൻമോഡൽ ഭരണപരിഷ്കാരം പ്രഖ്യാപിക്കുന്നത്. ഈ പശ്ചാത്തലത്തിൽ 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യവുമായി കമ്മ്യൂണിസ്റ്റുകൾ മുന്നിൽവന്നു. യുദ്ധാനന്തരമുണ്ടായ സാമ്പത്തികക്കുഴപ്പത്തിൽ നട്ടംതിരിയുകയായിരുന്നു തിരുവിതാംകൂർ. യുദ്ധമവസാനിച്ചതോടെ യുദ്ധാവ

ശ്യങ്ങൾക്കുവേണ്ടിയും മറ്റും രാപകൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികൾ അടച്ചുപൂട്ടി. തൊഴിലില്ലായ്മ പടർന്നുപിടിച്ചു. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം സാധാരണക്കാരെ പട്ടിണിയിലേക്കും ദുരിതങ്ങളിലേക്കും പിടിച്ചുതള്ളി. അമ്പലപ്പുഴ-ചേർത്തലതാലൂക്കുകളിൽ പട്ടിണിമരണം വരെയുണ്ടായി. ഈ സാഹചര്യത്തിലാണ് ഈ പ്രദേശത്തെ തൊഴിലാളികൾ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പിന്തുണയിൽ പണിമുടക്കിലേക്കും സർക്കാർവിരുദ്ധസമരത്തിലേക്കും കടക്കുന്നത്. കമ്മ്യൂണിസ്റ്റുപാർട്ടിയെ അടിച്ചമർത്താനും തകർക്കാനും ദിവാൻ സ്വീകരിച്ച നയത്തിന്റെ ഭാഗമായി അമ്പലപ്പുഴ-ചേർത്തലത്താലൂക്കുകളിൽ പട്ടാളത്തെയും പോലീസിനെയും വിന്യസിച്ചു. ക്രൂരമായ മർദ്ദനവും അഴിച്ചുവിട്ടു. കമ്മ്യൂണിസ്റ്റുപാർട്ടിയുമായി സഹകരിച്ച കോൺഗ്രസ് നേതാക്കളായ സി. കേശവനെയും കുമ്പളത്തു ശങ്കുപ്പിള്ളയെയും സർക്കാർ ജയിലിലടച്ചു. ഇതിനിടയിൽ 1946 സെപ്തംബർ 25-ാം തീയതി ആലപ്പുഴയിൽ വച്ചുകൂടിയ തൊഴിലാളി പ്രതിനിധികളുടെ സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട അതിഥിയായി സി. കേശവൻ പങ്കെടുത്തിരുന്നു.[5] അദ്ദേഹം കോൺഗ്രസിന്റെ പിന്തുണ തൊഴിലാളികൾക്ക് ഉണ്ടാകുമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. തുടർന്ന് 1946 ഒക്ടോബർ 22 മുതൽ തൊഴിലാളികൾ പൊതുപണിമുടക്കു പ്രഖ്യാപിക്കുകയുണ്ടായി.[6] കമ്മ്യൂണിസ്റ്റുപാർട്ടി നേതൃത്വം നൽകിയ ഈ തൊഴിലാളിസമരത്തോട് അനുഭാവമുള്ള കോൺഗ്രസ് നേതാക്കൾ ഉണ്ടായിരുന്നെങ്കിലും, സ്റ്റേറ്റ് കോൺഗ്രസ് അക്രമസമരത്തെ തള്ളിപ്പറഞ്ഞു. മറ്റുവിഭാഗങ്ങളും സമരത്തെ എതിർത്തു. ഇതിനിടയിൽ മർദ്ദനനടപടികൾ സർക്കാർ കർക്കശമാക്കി. എസ്.എൻ.ഡി.പി. യോഗവും ആർ.ശങ്കറും കമ്മ്യൂണിസ്റ്റുസമരത്തെ തള്ളിപ്പറഞ്ഞു. ശങ്കറിന് തന്റേതായ കാരണമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റുകൾ ശങ്കറിനെയും ശങ്കർ കമ്മ്യൂണിസ്റ്റുകളെയും ഇഷ്ടപ്പെട്ടിരുന്നില്ല. അതിന്റെ അടിസ്ഥാനകാരണം പ്രത്യയശാസ്ത്രത്തിലും രാഷ്ട്രീയസമീപനങ്ങളിലുമുള്ള അന്തരമായിരുന്നു.[7] കമ്മ്യൂണിസ്റ്റുകൾ ഈഴവരെ ദ്രോഹിക്കുകയും യോഗത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്ന ശങ്കറിന്റെ ആരോപണവും ശങ്കർ മുതലാളിപക്ഷക്കാരനാണെന്ന കമ്മ്യൂണിസ്റ്റുകളുടെ ആരോപണവും അക്കാലത്തുനിലനിന്നിരുന്നു.

**കമ്മ്യൂണിസ്റ്റുപാർട്ടി നേതൃത്വം നൽകിയ ഈ തൊഴിലാളിസമരത്തോട് അനുഭാവമുള്ള കോൺഗ്രസ് നേതാക്കൾ ഉണ്ടായിരുന്നെങ്കിലും, സ്റ്റേറ്റ് കോൺഗ്രസ് അക്രമസമരത്തെ തള്ളിപ്പറഞ്ഞു. മറ്റുവിഭാഗങ്ങളും സമരത്തെ എതിർത്തു.**

എസ്.എൻ.ഡി.പി. യോഗത്തിന്റെ 42-ാം വാർഷികറിപ്പോർട്ടിൽ (1946) ശങ്കർ പുന്നപ്ര-വയലാർസമരത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: "ഇനി എനിക്കു മുഖ്യമായി പറയുവാനുള്ളത് അമ്പലപ്പുഴയിലും ചേർത്തലയിലും ഈയിടെനടന്ന നിർഭാഗ്യകരമായ സംഭവങ്ങളെപ്പറ്റിയാണ്. അവിടെ തൊഴിലാളികൾ ആയുധമെടുത്തുകൊണ്ടു ഗവൺമെന്റിനെതിരായി സമരംചെയ്യുവാൻ ഒരുങ്ങുന്നതായും, അതിനെ നേരിടാൻ റിസർവു പോലീസും പട്ടാളവും സ്ഥലത്തെത്തിയിരിക്കുന്നതായും മറ്റും അറിവു ലഭിച്ചതനുസരിച്ച് യോഗം കൗൺസിലും ബോർഡും നിയോഗിച്ച സബ്കമ്മിറ്റി അംഗങ്ങളും തൊഴിലാളി

കളെ അവരുടെ ചിന്താശൂന്യമായ സംരംഭത്തിൽനിന്നു പിന്തിരിപ്പിക്കുവാനും ഒരു സംഘട്ടനമൊഴിവാക്കുവാനും ചെയ്ത യത്നത്തെപ്പറ്റി തുലാമാസം 13-ാം തീയതി ചേർത്തലയിൽനിന്നു ഞാനും, പുറപ്പെടുവിച്ചിരുന്ന പ്രസ്താവനയിൽ സാമാന്യമായി പറഞ്ഞിട്ടുണ്ട്. 95 ശതമാനവും ഈഴവരായ തൊഴിലാളികളെ ഈ സമരത്തിനൊരുക്കിനിർത്തിയ അന്യസമുദായക്കാരായ മുന്നണിനേതാക്കന്മാരെ സമീപിക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ലെന്നു ബോദ്ധ്യമായതിനാൽ ഞങ്ങൾ ഈഴവരായ നേതാക്കന്മാരെ നേരിട്ടു കണ്ടു. അവർ മറ്റു ചിലരുടെ താത്പര്യങ്ങൾക്കുവേണ്ടി ഹോമിക്കപ്പെടുവാൻ പോകുകയാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചുവരുന്ന വിവരം മനസ്സിലാക്കിയ മുന്നണിനേതാക്കന്മാർ അതിനിടയാകുന്നതിനുമുൻപുതന്നെ ഒരു സംഘട്ടനമുണ്ടാക്കി, സമാധാനം അസാദ്ധ്യമാക്കിത്തീർക്കണമെന്നു കരുതിക്കൂട്ടി പ്രവർത്തിക്കുകയും, പുന്നപ്രയിൽ പോലീസ്ക്യാമ്പ് തൊഴിലാളികളെവിട്ട് ആക്രമിപ്പിക്കുകയും, പോലീസ് ഉദ്യോഗസ്ഥന്മാരെ കൊലപ്പെടുത്തുകയും ചെയ്തതുമൂലമാണ് ഞങ്ങളുടെ സമാധാനശ്രമങ്ങൾ വിഫലമായി കലാശിച്ചത്. ഈഴവത്തൊഴിലാളികളെ മാത്രമല്ല, മുതലാളിമാരെപ്പോലും കേസുകളിൽ ഉൾപ്പെടുത്തി ഉയർന്നുവരുന്ന ആ സമുദായത്തെ ചവിട്ടിത്താഴ്ത്തുന്നതിന് ഈയവസരം ഉപയോഗപ്പെടുത്തണമെന്നു തീർച്ചയാക്കി പ്രവർത്തിച്ച ചില അസൂയാലുക്കളായ ദുഷ്ടന്മാർ, ആഗ്രഹിച്ചതെല്ലാം നടത്തുന്നതിനു യോഗപ്രവർത്തകരുടെ പ്രവർത്തനങ്ങൾ അനുവദിച്ചില്ല എന്നുകണ്ടപ്പോൾ, യോഗം സബ്കമ്മിറ്റിഅംഗങ്ങളെയും, വിശേഷിച്ച് എന്നെയുംപറ്റി മിഥ്യാപവാദങ്ങളും ദുഷ്പ്രചാരണങ്ങളും നടത്തുവാൻ ആരംഭിച്ചു."[8]

**ബുദ്ധിയുടെ ലേശമെങ്കിലും ഉള്ളവരാരും വിശ്വസിക്കാത്ത നുണകൾ ഈ പാവങ്ങളെക്കൊണ്ടു വിശ്വസിപ്പിക്കുന്നതിനു കമ്മ്യൂണിസ്റ്റുകാർക്കു കഴിഞ്ഞു. അങ്ങനെ തോക്കിന്റെ മുൻപിൽ അടയ്ക്കാമരവാരിയുമായി അവർ യുദ്ധത്തിനിറങ്ങി.**

ചേർത്തല-അമ്പലപ്പുഴത്താലൂക്കുകളിലെ ഈഴവരുടെ പ്രശ്നങ്ങൾ വിവരിച്ചശേഷം എസ്.എൻ.ഡി.പി. യോഗത്തിന്റെ 42-ാം വാർഷികറിപ്പോർട്ടിൽ ശങ്കർ ഇങ്ങനെ തുടരുന്നു. "....ഇങ്ങനെയിരിക്കുമ്പോഴാണ് അവർ ആരുടെയോ ആവശ്യത്തിനായുള്ള വിപ്ലവത്തിന്റെ ആയുധമായിത്തീർന്നത്. ബുദ്ധിയുടെ ലേശമെങ്കിലും ഉള്ളവരാരും വിശ്വസിക്കാത്ത നുണകൾ ഈ പാവങ്ങളെക്കൊണ്ടു വിശ്വസിപ്പിക്കുന്നതിനു കമ്മ്യൂണിസ്റ്റുകാർക്കു കഴിഞ്ഞു. അങ്ങനെ തോക്കിന്റെ മുൻപിൽ അടയ്ക്കാമരവാരിയുമായി അവർ യുദ്ധത്തിനിറങ്ങി. ആപത്തുള്ള ഈ ഘട്ടം വന്നപ്പോഴേയ്ക്ക് ഈഴവേതരായ തൊഴിലാളികളും നേതാക്കന്മാരും മിക്കവാറും രംഗത്തുനിന്നു മാറി. മുന്നണിനേതാക്കന്മാർ പലരും ഒളിച്ചു. ചിലർ ഈ സംരംഭവുമായി തങ്ങൾക്കു ബന്ധമില്ലെന്നു പ്രസ്താവനകൾ പുറപ്പെടുവിച്ചു. പിന്മാറിക്കളയാൻ സാദ്ധ്യമാകാതെ മുന്നിലകപ്പെട്ടുപോയ അന്യരായ ചില നേതാക്കന്മാർ ഈ സാധുതൊഴിലാളികളെ ആഹുതിചെയ്യുവാൻ തന്നെ തീരുമാനിച്ചു. അങ്ങനെ പുന്നപ്രസംഭവമുണ്ടായി."[9]

പുന്നപ്ര-വയലാർസമരത്തെക്കുറിച്ചു മറ്റൊരു തരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. 1946-ൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാലസർക്കാർ ഉണ്ടാകുകയും, ബ്രിട്ടൻ ഇന്ത്യ

വിടാൻ തീരുമാനിക്കുകയും ചെയ്തു ഒരു പശ്ചാത്തലത്തിൽ ദിവാൻഭരണം അവസാനിപ്പിക്കുന്നതിനു പുന്നപ്ര-വയലാർസമരംപോലെ ബുദ്ധിശൂന്യമായ ഒരു സമരം വേണ്ടിയിരുന്നില്ല. ക്വിറ്റിന്ത്യാസമരകാലത്തെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ദേശദ്രോഹസമീപനം ജനങ്ങളിൽ ഉണ്ടാക്കിയ വെറുപ്പും അവിശ്വാസവും നീക്കി ജനസ്വാധീനത വീണ്ടെടുക്കാൻ കമ്മ്യൂണിസ്റ്റുപാർട്ടി രൂപപ്പെടുത്തിയ സമരമായിരുന്നു പുന്നപ്ര-വയലാർകലാപമെന്നു ശങ്കർ വിശ്വസിച്ചിരുന്നു.

ശങ്കർ ഒരുകാലത്തും കമ്മ്യൂണിസ്റ്റനുഭാവം കാട്ടിയിട്ടില്ല. കമ്മ്യൂണിസ്റ്റുപാർട്ടിയെയും പാർട്ടിപരിപാടികളെയും ശക്തമായി എതിർത്തിരുന്നു. എന്നാൽ അക്കാലത്ത് കമ്മ്യൂണിസ്റ്റനുകൂലനിലപാടെടുത്ത നിരവധി എസ്.എൻ.ഡി.പി. നേതാക്കളുണ്ടായിരുന്നു. 1917 -ലെ റഷ്യൻവിപ്ലവത്തിനുശേഷം, ആ വിപ്ലവത്തിന്റെ മാഹാത്മ്യം വിവരിക്കാനും പ്രചരിപ്പിക്കാനും മുൻകൈയെടുത്ത നേതാക്കന്മാരായിരുന്നു മിതവാദി കൃഷ്ണനും സഹോദരൻ അയ്യപ്പനും. ആ വഴിയിലൂടെയാണ് സി. കേശവനും വരുന്നത്. സി. കേശവന്റെയും കെ.സി. കുട്ടന്റെയും നേതൃത്വത്തിൽ 1933 -ൽ ചേർത്തലയിൽ രൂപംകൊണ്ട "തിരുവിതാംകൂർ ഈഴവ യുവജനസമാജം" കമ്മ്യൂണിസ്റ്റുവിപ്ലവാശയങ്ങൾ ഉൾക്കൊണ്ടതായിരുന്നു.[10] ചേർത്തലയിലെ മണ്ണിനെ വൈകാരികതലത്തിൽ പ്രതിഷ്ഠിച്ച് വിപ്ലവസജ്ജമാക്കിയത് ഈ കൂട്ടായ്മയായിരുന്നു. പില്ക്കാലത്ത് സഹോദരൻ അയ്യപ്പനും സി. കേശവനും ജനാധിപത്യസോഷ്യലിസത്തിന്റെയും മിതവാദത്തിന്റെയും വക്താക്കളായെങ്കിലും, ഈഴവസമുദായത്തിലെ താഴെത്തട്ടിലെ വലിയൊരു വിഭാഗത്തെ അവർ കമ്മ്യൂണിസ്റ്റുപാർട്ടിക്കു വേണ്ടി തയ്യാറാക്കുകയായിരുന്നു. സമൂഹം നേരിടുന്ന പ്രശ്നങ്ങളെ ഈ നേതാക്കൾ വൈകാരികമായാണ് കണ്ടത്. എന്നാൽ ആർ. ശങ്കർ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ദീർഘവീക്ഷണത്തോടെയാണ് പ്രശ്നങ്ങളെ നേരിട്ടത്. ശ്രീനാരായണദർശനങ്ങളെ യുക്തിവാദത്തിന്റെ തലത്തിൽനിന്നാണ് സഹോദരൻ അയ്യപ്പനും സി. കേശവനും കണ്ടത്. യുവതലമുറയെ ശ്രീനാരായണനിൽനിന്ന് അകറ്റി മാർക്സിസത്തിൽ തളച്ചിടുന്നതിൽ ഇവർ വഹിച്ച പങ്ക് വളരെ വലുതാണ്.

**ശ്രീനാരായണദർശനങ്ങളെ യുക്തിവാദത്തിന്റെ തലത്തിൽനിന്നാണ് സഹോദരൻ അയ്യപ്പനും സി. കേശവനും കണ്ടത്. യുവതലമുറയെ ശ്രീനാരായണനിൽനിന്ന് അകറ്റി മാർക്സിസത്തിൽ തളച്ചിടുന്നതിൽ ഇവർ വഹിച്ച പങ്ക് വളരെ വലുതാണ**

കമ്മ്യൂണിസ്റ്റുപാർട്ടിയിലെ സവർണ്ണനേതൃത്വം ഈഴവസമുദായത്തെ ബലിയാടാക്കുകയായിരുന്നു എന്ന സത്യം തിരിച്ചറിഞ്ഞതിനാലാണ് ശങ്കർ കമ്മ്യൂണിസ്റ്റുവിരുദ്ധനിലപാടെടുത്തത്. പുന്നപ്ര-വയലാറിൽ നടന്ന ഈഴവ കൂട്ടക്കുരുതിയാണ് ശങ്കറിനെ കമ്മ്യൂണിസ്റ്റുവിരുദ്ധപക്ഷത്ത് ശക്തനായി നിലകൊള്ളാൻ പ്രേരിപ്പിച്ചത്. ഇന്നും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ രക്തസാക്ഷികളിൽ 95 ശതമാനവും ഈഴവരാണ് എന്നതു ശ്രദ്ധേയമാണ്. കണ്ണൂരിലെ പാർട്ടി രക്തസാക്ഷികൾ മുഴുവനും ഈഴവരാണ് എന്നത് ശങ്കറിന്റെ ധാരണ ശരിവയ്ക്കുന്നു. കമ്മ്യൂണിസ്റ്റുപ്രസ്ഥാനം വലിയൊരു വിഭാഗം ജനങ്ങളെ, വിശേഷിച്ച് താഴെത്തട്ടിലുള്ള ഈഴവസമുദായാംഗങ്ങളെ, രാഷ്ട്രീയാന്ധതയുടെ ഇരുമ്പഴിക്കുള്ളിൽ തളച്ചിടു

ന്നത് ശങ്കർ തിരിച്ചറിഞ്ഞിരുന്നു.

1930കളിലും 40കളിലും സഹോദരൻ അയ്യപ്പനും സി. കേശവനും വാഴ്ത്തിയ സോവിയറ്റ് യൂണിയൻ ഒരിക്കലും ശങ്കറിന് പ്രിയങ്കരമായിരുന്നില്ല. നെഹ്റുവിനെപ്പോലുള്ളവർ പോലും മഹത്തായി കരുതിയ സോവിയറ്റ് മാതൃക ശങ്കറിന് ആകർഷകമായിരുന്നില്ല. ജനാധിപത്യവിരുദ്ധമായ ഒരു വ്യവസ്ഥയും ശങ്കർ സ്വീകരിച്ചിരുന്നില്ല. 1991–ൽ സോവിയറ്റ് യൂണിയൻ തകർന്നടിഞ്ഞപ്പോൾ ശരിവച്ചത് ശങ്കറിന്റെ ദീർഘവീക്ഷണം തന്നെയായിരുന്നു. "സോവിയറ്റ് മാതൃഭൂമി"യിൽ അമിതവിശ്വാസം പുലർത്തി സ്വപ്നജീവിയായവർ നിരാശരായി. കമ്മ്യൂണിസ്റ്റുഭരണത്തെക്കുറിച്ചുള്ള ശങ്കറിന്റെ കാഴ്ചപ്പാട് ശരിയാണെന്നു കാലം തെളിയിച്ചു.

**ശങ്കറും വിമോചനസമരവും**

കമ്മ്യൂണിസ്റ്റുസർക്കാരിനെതിരായ വിമോചനസമരത്തിന്റെ നായകസ്ഥാനത്ത് ആർ. ശങ്കർ ഉണ്ടായിരുന്നു. ജാതിമതശക്തികൾ നയിച്ച വിമോചനസമരത്തിൽ കോൺഗ്രസ് പങ്കാളിയായത് അംഗീകരിക്കാത്ത കോൺഗ്രസുകാരുണ്ടായിരുന്നു. എന്നാൽ ശങ്കറിന്റെ നിലപാട് വളരെ വ്യക്തമായിരുന്നു. വിപ്ലവത്തിലൂടെ ഭരണം പിടിച്ചെടുക്കാൻ പുറപ്പെട്ട കമ്മ്യൂണിസ്റ്റുപാർട്ടി, ഒരു അടവുനയം എന്ന നിലയിലാണ് ഭാരതത്തിൽ ജനാധിപത്യപ്രക്രിയയിൽ പങ്കാളിയായത്. ഭരണഘടനയോട് പുറമെ കാണിച്ചിരുന്ന വിശ്വാസം ഒരു അടവു മാത്രമായിരുന്നു. കമ്മ്യൂണിസ്റ്റുഭരണകൂടം 1959–ൽ നിലവിൽവന്നതോടെ അതിനെതിരായ മുന്നേറ്റവും ഉണ്ടായി. കത്തോലിക്കാസഭയാണ് അതിനു നേതൃത്വം നൽകിയത്. ആദ്യത്തെ രണ്ടുവർഷം കോൺഗ്രസ് കാഴ്ചക്കാരായി നോക്കിനിന്നു. 1959 ജനുവരിയിൽ ഇന്ദിരാഗാന്ധി കോൺഗ്രസിന്റെ പ്രസിഡന്റായി വരുകയും, അതേവർഷം ഏപ്രിലിൽ ആർ.ശങ്കർ കെ.പി.പി.സി.സി. പ്രസിഡന്റ് ആകുകയും ചെയ്തതോടെ കോൺഗ്രസിന്റെ സമീപനം മാറി. പ്രധാനമന്ത്രി നെഹ്റുവിനു താത്പര്യമില്ലാതിരുന്നിട്ടും ശങ്കർ വിമോചനസമരത്തിൽനിന്നു പിന്മാറിയില്ല. 1959 ജൂൺ 12–ാം തീയതി കമ്മ്യൂണിസ്റ്റുസർക്കാരിനെതിരായ കോൺഗ്രസ് സമരം പ്രഖ്യാപിച്ചു.[11] 1959 ജൂലൈ 31–ാം തീയതി കമ്മ്യൂണിസ്റ്റുസർക്കാരിനെ കേന്ദ്രസർക്കാർ പിരിച്ചുവിട്ടു. 1960–ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് മുന്നണി വൻഭൂരിപക്ഷം നേടി അധികാരത്തിൽവന്നത് ശങ്കറിന്റെ രാഷ്ട്രീയശൈലിയുടെ വിജയം തന്നെയാണ്. വിമോചനസമരത്തിന്റെ ഗുണഭോക്താക്കൾ വർഗ്ഗീയശക്തികളാണെന്നതിൽ തർക്കമില്ല.[12] എന്നാൽ ശങ്കറിന്റെ നിലപാട് ജനാധിപത്യവിരുദ്ധമാണ് എന്നു പറയാനാവില്ല. കാരണം ജനാധിപത്യാശയങ്ങളിൽ അടിയുറച്ച പ്രസ്ഥാനമല്ല കമ്മ്യൂണിസ്റ്റുപാർട്ടി. ജനാധിപത്യവ്യവസ്ഥയെ അവർ ഉപയോഗിക്കുകയായിരുന്നു. ഇത്തരം അടവുനയത്തെ തകർക്കേണ്ടത് ജനാധിപത്യവാദികളുടെ കടമയാണ്. സംസ്ഥാനത്ത് ഉയർന്നുവന്ന കമ്മ്യൂണിസ്റ്റുവിരുദ്ധവികാരത്തെ കണ്ടില്ല എന്നു നടിക്കുന്നത് പ്രതി

**ജനാധിപത്യാശയങ്ങളിൽ അടിയുറച്ച പ്രസ്ഥാനമല്ല കമ്മ്യൂണിസ്റ്റുപാർട്ടി. ജനാധിപത്യവ്യവസ്ഥയെ അവർ ഉപയോഗിക്കുകയായിരുന്നു.**

പക്ഷമായ കോൺഗ്രസിനു യോജിച്ചതല്ല എന്നു ശങ്കർ വിശ്വസിച്ചു. ജനാധിപത്യവിരുദ്ധ സർക്കാരിനെ ജനാധിപത്യവിരുദ്ധസമരത്തിലൂടെ പുറത്താക്കുകയായിരുന്നു ജനങ്ങൾ. 1960–ലെ തിരഞ്ഞെടുപ്പിൽ ജനങ്ങൾ ആ സമരത്തെ ശരിവയ്ക്കുകയായിരുന്നു.

കേരളത്തിൽ ജനാധിപത്യപ്രസ്ഥാനങ്ങൾക്കു വേദിയൊരുക്കിയതിൽ ശങ്കറിനു വലിയ പങ്കുണ്ട്. സംഘടിതമതശക്തികൾ എക്കാലത്തും കേരളത്തിൽ ശക്തമായിരുന്നു. കമ്മ്യൂണിസ്റ്റുസെൽഭരണം ജനാധിപത്യത്തെ തകർക്കുമെന്നു ശങ്കർ വിശ്വസിച്ചു. ഇന്നും കണ്ണൂർജില്ലയിൽ കാണുന്ന 'രാഷ്ട്രീയസംസ്കാരം' കേരളത്തിൽ വ്യാപിപ്പിക്കാൻ നടത്തിയ ശ്രമമാണ് ജാതി–മതശക്തികൾ പിന്തുണച്ച വിമോചനസമരത്തിലൂടെ തകർത്തത്. വിമോചനസമരത്തിൽ വർഗ്ഗീയതയുടെ അതിപ്രസരമുണ്ടെങ്കിലും, ജനാധിപത്യകേരളത്തിന് അതു വലിയ സംഭാവന ചെയ്തു. കേരളം ഏകകക്ഷിഭരണത്തിൽ തളയ്ക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കപ്പെട്ടത് വിമോചനസമരത്തിന്റെ നേട്ടം കൊണ്ടാണ്.

1960–ൽ നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്–പി.എസ്.പി. മുന്നണി കമ്മ്യൂണിസ്റ്റുപാർട്ടിയെ തോല്പിച്ചു. പട്ടം താണുപിള്ള മുഖ്യമന്ത്രിയായി രൂപവത്കരിച്ച മന്ത്രിസഭയിൽ ശങ്കർ ഉപമുഖ്യമന്ത്രിയായി. തുടർന്ന് 1962ൽ അദ്ദേഹം മുഖ്യമന്ത്രിയായി. ശങ്കറിന്റെ ഭരണനൈപുണ്യം തെളിയിക്കുന്ന നടപടികളാണ് കേരളം കണ്ടത്. 1957ൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റുസർക്കാർ വിദ്യാഭ്യാസമാനേജ്മെന്റിനെ നിയന്ത്രിക്കുന്ന ബിൽ കൊണ്ടുവന്നാണ് വിവാദമുണ്ടാക്കിയത്. എന്നാൽ വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിന് ഊന്നൽ നൽകിയില്ല. എന്നാൽ ശങ്കർഭരണം വിദ്യാഭ്യാസരംഗത്ത് വൻകുതിച്ചുചാട്ടമാണു നടത്തിയത്. ശങ്കറിന്റെ ഭരണകാലത്ത് ആരംഭിച്ച ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും ഗ്രാമീണമേഖലയിലാണ്. അടിസ്ഥാനജനവിഭാഗങ്ങളെ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധമാക്കാൻ വിജയകരമായ പ്രവർത്തനം കാഴ്ചവച്ച മഹാനായ നേതാവായി ശങ്കറിനെ ചരിത്രം രേഖപ്പെടുത്തും.

**വിമോചനസമരത്തിൽ വർഗ്ഗീയതയുടെ അതിപ്രസരമുണ്ടെങ്കിലും, ജനാധിപത്യകേരളത്തിന് അതു വലിയ സംഭാവന ചെയ്തു. കേരളം ഏകകക്ഷിഭരണത്തിൽ തളയ്ക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കപ്പെട്ടത് വിമോചനസമരത്തിന്റെ നേട്ടം കൊണ്ടാണ്.**

ചുരുക്കത്തിൽ കമ്മ്യൂണിസ്റ്റു കോട്ടയായി ചിത്രീകരിച്ച കേരളത്തിൽ അതിനു കടിഞ്ഞാൺ ഇട്ടുകൊണ്ട്, ജനാധിപത്യകേരളത്തിന്റെ വളർച്ചയ്ക്ക് ഏറെ സംഭാവനചെയ്ത വ്യക്തിത്വമാണ് ആർ.ശങ്കറിന്റേത്. കമ്മ്യൂണിസ്റ്റുപാർട്ടിക്ക് ജനാധിപത്യപാർട്ടികളുടെ പിന്തുണയില്ലാതെ പിന്നീടൊരിക്കലും അധികാരത്തിൽ വരാൻ കഴിയാത്തതും ശങ്കറിന്റെ രാഷ്ട്രീയതന്ത്രത്തിന്റെ വിജയമാണ്. കമ്മ്യൂണിസ്റ്റ് വിപ്ലവാശയങ്ങളെ വിദ്യാഭ്യാസവിപ്ലവത്തിലൂടെയാണ് ശങ്കർ നേരിട്ടത്. ശങ്കർ സ്ഥാപിച്ച ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും കമ്മ്യൂണിസ്റ്റുശക്തികേന്ദ്രങ്ങളിലായിരുന്നു. അത് ജനാധിപത്യകേരളത്തിന്റെ അടിത്തറപാകലായിരുന്നു.

## കുറിപ്പുകൾ


1. *ഇ.എം.എസ്. സമ്പൂർണ്ണകൃതികൾ*, ഏ.കെ.ജി. പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം, 1999, വോള്യം 4, പേജ് 55–60
2. എം.കെ. കുമാരൻ, *ആർ. ശങ്കർ ജീവചരിത്രം,* സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം, 1987, പേജ് 176
3. അതേ പുസ്തകം, പേജ് 209–10
4. അതേ പുസ്തകം, പേജ് 247
5. ആർ. പ്രകാശം, *സി. കേശവൻ*, സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്, കേരളസർക്കാർ, തിരുവനന്തപുരം, 2002, പേജ് 195–96
6. ജി. യദുകുലകുമാർ, *കെ.വി. പത്രോസ്-കുന്തക്കാരനും ബലിയാടും*, ഡി.സി. ബുക്സ്, 1996
7. എം.കെ. കുമാരൻ, ആർ. ശങ്കർ, ജീവചരിത്രം, സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം, 1987, പേജ് 274
8. അതേ പുസ്തകം, പേജ് 271–72
9. അതേ പുസ്തകം, പേജ് 277
10. ആർ. പ്രകാശം, *സി. കേശവൻ*, സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്, കേരളസർക്കാർ, തിരുവനന്തപുരം, 2002, പേജ് 93
11. കെ.ജി. ഗോപാലകൃഷ്ണൻനായർ, *വിമോചനസമരം ഒരു പഠനം*, ഡി.സി. ബുക്സ്, കോട്ടയം, പേജ് 162
12. ഹരീന്ദ്രനാഥക്കുറുപ്പ്, *മന്നത്തു പത്മനാഭൻ*, എൻ.എസ്.എസ്. ചങ്ങനാശ്ശേരി, 1997

# കഥാകൃത്തിന്റെ തിരിച്ചുവരവ്

## കളിയലിൽ രാധാകൃഷ്ണന്റെ 'കാലത്തിന്റെ പരിഛേദ'ത്തെ മുൻനിർത്തി ഒരു വീണ്ടുവിചാരം

ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ*

**എ**ഴുത്ത് എന്ന ഗൗരവമേറിയ പ്രവൃത്തിയിൽ ഏർപ്പെടുന്നവരൊക്കെയും ഒന്നുപോലെ പ്രതിഷ്ഠനേടുന്നതായി ചരിത്രം രേഖപ്പെടുത്തുന്നില്ല. എഴുത്തുകാരന്റെ രചനാവ്യക്തിത്വത്തിന്റെ പ്രത്യേകത മുതൽ എഴുത്തിന്റെ താത്കാലികാവശ്യകത വരെയുള്ള നിരവധി കാരണങ്ങളാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ചില എഴുത്തുകാർ തങ്ങളുടെ കാലത്തുതന്നെ ഉന്നതമായ സ്ഥാനലബ്ധിക്ക് അർഹത നേടുന്നു. മറ്റു ചിലരാകട്ടെ, ജീവിതകാലത്തിനുശേഷം മാത്രം അംഗീകരിക്കപ്പെടുന്നു. മൂന്നാമത് ഒരു കൂട്ടരുണ്ട്. അവർ സാഘോഷം ജീവിക്കുകയും മരണശേഷം വിസ്മൃതരാകുകയും ചെയ്യുന്നു. സാഹിത്യബാഹ്യവും തികച്ചും ഭൗതികവുമായ സാഹചര്യങ്ങളുടെ ആനുകൂല്യം നിമിത്തമുണ്ടാകുന്ന 'സൗഭാഗ്യ'മാണിത്. ചരിത്രത്തിൽ അവർ പക്ഷേ അപഹാസ്യരായി മാത്രം അവശേഷിക്കുന്നു. എന്നാൽ ഇതിലൊന്നും പെടാത്ത ഏതാനുംപേർ ഏതുഭാഷയിലും എല്ലാക്കാലത്തും ഉണ്ടായിരിക്കും. സൂക്ഷ്മമായ നിരീക്ഷണശേഷിയും വിശാലമായ ലോകപരിചയവും ആഴമുള്ള അറിവുമെല്ലാമുള്ളവർ തന്നെയാണ് അവർ. എങ്കിലും എഴുത്തുകാരൻ എന്ന അസ്തിത്വത്തിനുപരി മറ്റേതൊക്കെയോ മേൽവിലാസങ്ങളുമായി കർമപഥം താണ്ടുവാനായിരിക്കും അവരുടെ നിയോഗം. ഈ വകുപ്പിൽപെടുന്ന എഴുത്തുകാരനാണ് ശ്രീ. കളിയലിൽ രാധാകൃഷ്ണൻ. തന്റെ ഈ ഭാഗധേയം വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടും നർമത്തിന്റെ അനുഗ്രഹം സിദ്ധിച്ചതുകൊണ്ടും ശ്രീ രാധാകൃഷ്ണൻ സ്വയം ഒരെഴുത്തുകാരനെന്നു പറയാൻ ഇഷ്ടപ്പെടുന്നില്ല. പകരം 'പേനയുന്തി' എന്നു മാത്രമേ വിശേഷിപ്പിക്കുന്നുള്ളൂ.

**എഴുത്ത് എന്ന ഗൗരവമേറിയ പ്രവൃത്തിയിൽ ഏർപ്പെടുന്നവരൊക്കെയും ഒന്നുപോലെ പ്രതിഷ്ഠനേടുന്നതായി ചരിത്രം രേഖപ്പെടുത്തുന്നില്ല. എഴുത്തുകാരന്റെ രചനാവ്യക്തിത്വത്തിന്റെ പ്രത്യേകത മുതൽ എഴുത്തിന്റെ താത്കാലികാവശ്യകത വരെയുള്ള നിരവധി കാരണങ്ങളാലാണ് ഇങ്ങനെ സംഭവിക്കുന്നത്.**

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ മലയാളസാഹിത്യലോകത്തു പ്രവേശിച്ച കളിയലിൽ രാധാകൃഷ്ണൻ ചരിത്രഭൂമിയായ നെയ്യാറ്റിൻകരത്താലൂക്കിലെ റസ്സൽപുരത്താണു ജനിച്ചത്. ഉന്നതവിദ്യാഭ്യാസവും കായികതാരമെന്ന ഖ്യാതിയും ഒന്നിച്ചുനേടിയ ഇദ്ദേഹം ഭാരതസർക്കാരിന്റെ ആഭ്യന്തരവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. വ്യത്യസ്തമായ ലോകാനുഭവങ്ങളും വിദേശഭാഷാപരിജ്ഞാനവും നേടുന്നതിന് ഈ അവസരം

* *റീഡർ, മലയാളവിഭാഗം, ബസേലിയസ് കോളജ്, കോട്ടയം*

അദ്ദേഹത്തിനു പ്രയോജനപ്പെട്ടു. സഹജമായ അന്വേഷണതാത്പര്യവും സ്ഥിരമായ പഠനോത്സാഹവും ഒത്തിണങ്ങിയിരുന്നതിനാൽ തത്ത്വചിന്ത, ചരിത്രം മുതലായ വിഷയങ്ങളിലും അവഗാഹം നേടാൻ അദ്ദേഹത്തിനു സാധിച്ചു. ഉപന്യാസം, നോവൽ, കഥ, കവിത, നാടകം, ചരിത്രം എന്നീ വിഭാഗങ്ങളിലായി അനേകം കൃതികൾ കളിയലിൽ രാധാകൃഷ്ണന്റേതായി ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

മൗലികമായ രചനാരീതിയും ആർജ്ജവമുള്ള പ്രാദേശികഭാഷാപ്രയോഗസാമർത്ഥ്യവുമുള്ള കളിയലിൽ രാധാകൃഷ്ണന്റെ 'കാലത്തിന്റെ പരിച്ഛേദം' എന്ന കഥാസമാഹാരം അദ്ദേഹത്തിന്റെ രചനാസവിശേഷതകൾ മിക്കതും പ്രതിഫലിപ്പിക്കുന്ന കൃതിയാണ്. പ്രഭാത് ബുക്സ് പ്രസിദ്ധീകരണമായ (2006) ഇതിൽ നാല്പത്തിമൂന്നു കഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു. വേദാന്തം മുതൽ വീട്ടുകാര്യം വരെ പ്രമേയമായിട്ടുള്ള ഇക്കഥകളിൽ വലിയ വലിയ ലോകകാര്യങ്ങൾക്കൊപ്പം നാട്ടുവിശേഷങ്ങളും സരസമായി ആഖ്യാനം ചെയ്യപ്പെടുന്നു. ആധുനികലോകത്തിൽ നിർണ്ണായകസ്വാധീനത ചെലുത്തിയ സോഷ്യലിസം, കമ്മ്യൂണിസം, എക്സിസ്റ്റെൻഷ്യലിസം തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങളോ വിമർശനങ്ങളോ പരിഹാസങ്ങളോ ഒക്കെ എഴുത്തുകാരന്റെ ലോകവീക്ഷണത്തിന്റെ ഭാഗമെന്ന നിലയിൽ ചില കഥകളിൽ പ്രകടമാകുന്നുണ്ട്.

**ആധുനികലോകത്തിൽ നിർണ്ണായകസ്വാധീനത ചെലുത്തിയ സോഷ്യലിസം, കമ്മ്യൂണിസം, എക്സിസ്റ്റെൻഷ്യലിസം തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങളോ വിമർശനങ്ങളോ പരിഹാസങ്ങളോ ഒക്കെ എഴുത്തുകാരന്റെ ലോകവീക്ഷണത്തിന്റെ ഭാഗമെന്ന നിലയിൽ ചില കഥകളിൽ പ്രകടമാകുന്നുണ്ട്.**

എന്നാൽ കളിയലിൽ രാധാകൃഷ്ണന്റെ ഇപ്പുസ്തകത്തിലെ പല പ്രധാന കഥകളിലും പശ്ചാത്തലമായിരിക്കുന്നത് സ്വന്തം ഗ്രാമവും അവിടത്തെ കൊച്ചുകൊച്ചു ജീവിതാനുഭവങ്ങളുമാണ്. അവയെ അതിശയോക്തിരഹിതമെങ്കിലും സരസവും ഹൃദ്യവുമായി അവതരിപ്പിക്കാനുള്ള സത്യസന്ധത അദ്ദേഹം പ്രദർശിപ്പിക്കുന്നത് അഭിനന്ദനീയമാണ്. റസ്സൽപുരം, ബാലരാമപുരം, വടകോട്, നെയ്യാറ്റിൻകര, ആര്യനാട്, കാട്ടാക്കട തുടങ്ങിയ തെക്കൻതിരുവിതാംകൂറിലെ വീര്യം മുറ്റിയ മണ്ണിന്റെ പശിമ ഇക്കഥകളിൽ പച്ചയായി അനുഭവപ്പെടുന്നു. സി.വി. രാമൻപിള്ളയ്ക്കുശേഷം ജി. വിവേകാനന്ദൻ, കാട്ടാക്കട ദിവാകരൻ, ജി.എൻ. പണിക്കർ, എസ്.വി. വേണുഗോപൻ നായർ, എം. സനൽകുമാർ തുടങ്ങിയ ഇവിടത്തെ ഗദ്യകാരന്മാർ സാക്ഷാത്കരിച്ച ജീവിതാവസ്ഥകൾ ഇവയിലും തിടം വച്ചുനില്ക്കുന്ന കാഴ്ച ചേതോഹരം തന്നെ. ഈവിധത്തിൽ വ്യക്തി, കുടുംബം, സമൂഹം എന്നിവയുമായി ബന്ധപ്പെട്ട നിരവധി തനിമകൾ ഈ രചനകളിൽ പുനർജ്ജനിക്കുന്നുണ്ട്. ഒരർത്ഥത്തിൽ പ്രാദേശിക ജനജീവിതപഠനത്തിനു ഫലപ്രദമായി ഉപയോഗിക്കാവുന്ന ഉപാദാനവസ്തുക്കളാണിവ. എന്നാൽ കളിയലിൽ രാധാകൃഷ്ണൻ എന്ന കഥാകൃത്തിന്റെ സ്വത്വം മനസ്സിലാക്കുന്നതിനു നിർബന്ധമായും ആശ്രയിക്കേണ്ട കഥകൾ മറ്റുചിലതാണ്. അതിനാൽ മുഖ്യമായും അവയെ അവലംബിച്ചാണ് ഇനിയുള്ള പ്രതിപാദനം.

കളിയലിൽ രാധാകൃഷ്ണന്റെ കഥകളുടെ പ്രധാന സവിശേഷത കുടികൊള്ളുന്നത്

അവയുടെ പ്രമേയതലത്തിലാണ്; ഒറ്റനോട്ടത്തിൽ കണ്ണിൽപ്പെടുന്ന ഘടനാപരമായ ഹ്രസ്വതയിലല്ല. അത് കഥാകൃത്തിന്റെ വിപുലമായ സാഹിത്യപരിചയവും സ്വാംശീകരണശേഷിയും വിശകലനാത്മകമായ അവതരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ അവയ്ക്കെല്ലാം നിയാമകമായ തത്ത്വാത്മകതയുമായും. ഒരുപക്ഷേ ഈ തത്ത്വചിന്താപരമായ ആന്തരികവിതാനം തന്നെയാകണം ഈ കഥകളെ വ്യതിരിക്തവും ശ്രദ്ധേയവുമാക്കുന്ന മുഖ്യഘടകം. ഈ സവിശേഷതകൾ ഒത്തിണങ്ങിയ രണ്ടു പ്രധാന രചനകളാണ് 'വേദാന്തവും അതല്ലാത്തതും' 'ഖസാക്കിൽനിന്ന് പ്രവാചകനിലേക്ക്' എന്നിവ. ആദ്യം 'വേദാന്തവും അതല്ലാത്തതും' എന്ന കഥ തന്നെ പരിശോധിക്കാം.

ഒ.വി. വിജയന്റെ കൃതികളുമായുള്ള ആത്മസല്ലാപം കളിയലിൽ രാധാകൃഷ്ണന്റെ കഥകൾക്കു സ്വകീയമായ ഭൂമിക തീർക്കുന്നതു പലപ്പോഴും കാണാനാകും. ഈ കഥ അതിന്റെ ഒന്നാമത്തെ ഉദാഹരണമാണ്. 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ ചില സമാഗമങ്ങളെ, അന്വേഷണങ്ങളെ സംബന്ധിച്ച നോവലിലെ വിച്ഛിത്തികൾ പൂരിപ്പിക്കാനുള്ള ശ്രമമാണ് ഇതിൽ അദ്ദേഹം നടത്തുന്നത്. വിജയന്റെ രചനാലോകത്തെക്കുറിച്ചുള്ള വ്യക്തമായ കണ്ടറിവുകൊണ്ടു മാത്രം സംഭവിക്കുന്നതാണ് ഇതെന്നു പറയാനാവില്ല. അതിനപ്പുറം, വിജയന്റെ രചനാവേളയിലെ ചിത്തവൃത്തികളെയും ധ്യാനപൂർത്തികളെയും മനസ്സുകൊണ്ടു വീണ്ടെടുക്കുന്നതിന്റെ ഫലം തന്നെയാണ് ഇത്. കേവലമായ ആരാധനയ്ക്കും അനുകരണത്തിനുമതീതമായ ഒരു സർഗവൃത്തിയായി ഈ സങ്കേതം പരിണമിക്കുന്നതിനു ഹേതു ഇതാണ്.

**ഒ.വി. വിജയന്റെ കൃതികളുമായുള്ള ആത്മസല്ലാപം കളിയലിൽ രാധാകൃഷ്ണന്റെ കഥകൾക്കു സ്വകീയമായ ഭൂമിക തീർക്കുന്നതു പലപ്പോഴും കാണാനാകും. ഈ കഥ അതിന്റെ ഒന്നാമത്തെ ഉദാഹരണമാണ്.**

ഖസാക്കിലെ തുന്നൽക്കാരനായ മാതവൻ നായർ (മാധവനെ മാതവൻ എന്നേ ശ്രീ രാധാകൃഷ്ണൻ എഴുതൂ; കഥാകൃത്തിന്റെ വ്യക്തിത്വസവിശേഷതയുടെ ഒരടയാളം) എന്ന കഥാപാത്രത്തിലൂടെ നടത്തുന്ന അന്വേഷണമാണ് ഈ കഥ എന്നുവേണമെങ്കിൽ ഒറ്റ വാക്യത്തിൽ ഒതുക്കാൻ സാധിക്കും. അപഥസഞ്ചാരിണിയായ അമ്മയുടെ കൺവെട്ടത്തിൽനിന്നകന്ന് വേദാന്തം പഠിക്കാൻ പുറപ്പെട്ട ഈ മനുഷ്യൻ യഥാർത്ഥത്തിൽ ഒരു അന്വേഷകനാണ്. രവിയുമായുള്ള അയാളുടെ കൂടിക്കാഴ്ച, പിന്നീട് അവർ തമ്മിലുള്ള സംഭാഷണങ്ങൾ ഒക്കെയും അറിവുകളുടെ അവസാനത്തെക്കുറിച്ചുള്ള അറിവിന്റെ വിനിമയങ്ങളോ സ്ഥിരീകരണങ്ങളോ ആയിട്ടാണ് അനുഭവപ്പെടുന്നത്. ആസ്ട്രോഫിസിക്സിനും ഭൗതികവാദികളായ തത്ത്വചിന്തകർക്കും പാശ്ചാത്യമനീഷികൾക്കും പകർന്നേകാൻ സാധിച്ച രവിയുടെ അറിവിനെയത്രയും ഇംഗ്ലീഷറിയാത്ത മാതവൻനായർ നിരാകരിക്കുന്നതു കാണേണ്ട കാഴ്ച തന്നെ. 'ഞാനൊരാശ്രമത്തിലും സമാധാനം കണ്ടിട്ടില്ലാട്ടോ' എന്നു പരിതപിച്ച രവിക്കാണ് തന്റെ ഗുരുവായ കടച്ചിക്കൊല്ലന്റെ അനുഭവസാക്ഷ്യത്തിലൂടെ മാതവൻനായർ സമാധാനം പരുന്നത്. "..... കണ്ണുകാണാൻ വയ്യാതെയായിട്ടും ഗുരു സദാ ആനന്ദത്തിലാർന്നു. കാണാൻ കണ്ണുവേണ്ടെന്നാ മൂപ്പരുടെ പക്ഷം. ആ ആനന്ദം സമാതാനം നോമ്മുക്ക് പകർന്നുത

രാനും ആ മനുഷ്യനു കഴിയേന്ന് വച്ചാല് അത് ചെറിയ കാര്യമല്ലല്ലോ."

എന്നുമാത്രമല്ല, മനസ്സിന്റെ ആ സമനില തന്നിൽ നിലനില്ക്കുന്നതിന്റെ ഉദാഹരണമായി താൻ ഇന്നലെ അമ്മയ്ക്ക് കോസടിയും തലയണകളും വാങ്ങിക്കൊടുത്തതും മാതവൻനായർ ഒട്ടും വികാരംകൂടാതെ രവിക്കു വിവരിച്ചുകൊടുത്തു. അതും അമ്മയുടെ പരപുരുഷബന്ധം നേരിൽ കണ്ടറിഞ്ഞതിനുശേഷം. തുടർന്ന് 'മൃത്യു നിശ്ചയമായിരിക്കെ അതറിയുന്നവന് പിന്നെ പ്രവർത്തിക്കാൻ പ്രേരകമായി എന്തുണ്ട്?' എന്ന രവിയുടെ ചോദ്യത്തിനും മാതവൻനായർ ഉത്തരം നല്കുന്നുണ്ട്:

"അതാണോ വല്യകാര്യം? മൃത്യു നിശ്ചയമാണെന്ന് എപ്പോഴും ഓർക്കുമ്പോഴാണ് കർമശേഷിയും വിവേകവും ഉണരുന്നതെന്നാണ് ഗുരുവിന്റെ പക്ഷം. അന്യന്റെ ചിത കത്തിയമരുന്നതു കാണുമ്പോഴും തനിക്കു മരണമുണ്ടെന്നു നിനയ്ക്കാൻ തയ്യാറാകാത്തവരാണു ഭൂരിപക്ഷം. അവരുടെ കർമവും ചിലന്തിയുടെ ശവം വലിച്ച് മാളത്തിലെത്തിക്കുന്ന ഉറുമ്പിന്റെ നിലവാരത്തീന്ന് ഉയരുന്നില്ല."

ഇതുകഴിഞ്ഞ് ആ സംഭാഷണം മുന്നേറുന്നത് ഭഗവദ്ഗീതയിലെ കർമരഹസ്യത്തെ, കർമയോഗത്തെ വിശദമാക്കുംവിധം മാതവൻനായരുടെ വാക്കുകൾ വൈശദ്യമാളുന്നതായിട്ടാണ്:

".... കർമം ശ്വാസോച്ഛ്വാസംപോലെ സ്വാഭാവികമാണെന്നും, അതിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും ചിലരിൽനിന്നും ചിലപ്പോൾ അത്- കർമം- സ്വയം ഒഴിഞ്ഞുപോവുക മാത്രമേ സാധ്യമാകൂ എന്നും കൂടി ബോധിക്കൂ. ഗുരു പറഞ്ഞ ഒരു കാര്യം കൂടി നിങ്ങളോടു പറയട്ടെ. നോമ്മടെ പ്രാണൻ ജഗൽപ്രാണനിൽ ലയിക്കുന്നു. അഗ്നി അഗ്നിയിൽ ലയിക്കുന്നു. കൂട്ടിച്ചേർക്കപ്പെട്ട ഈ ശരീരം ശിഥിലമായി ചാമ്പലാകുന്നു. നമുക്കു വിധിക്കപ്പെട്ട കാലത്തെ കർമങ്ങൾമാത്രം കണക്കിലെടുക്കപ്പെടുന്നു."

**സത്യത്തില് നിങ്ങൾക്ക് കാണണംന്ന് ആശയിണ്ടെങ്കില് ഗുരു നിങ്ങളെത്തേടി ഇങ്ങോട്ടന്നെ വരും. നോമ്മള് ഒരു ചുവട് അങ്ങോട്ടു വച്ചാല് ആയിരം ചുവട് ഇങ്ങോട്ട് അടുത്തുവരും. വിശ്വസിക്ക. മരണത്തെത്തേടി ആരും പോകേണ്ടതില്ല. മരണം നമ്മെ അന്വേഷിച്ചെത്തിക്കൊള്ളുമെന്ന് നമ്മക്കറിയില്ലേ? മോക്ഷവും അങ്ങനെതന്നെ.**

പിന്നീടത് അവിടെനിന്നും മുന്നോട്ടുനീങ്ങി 'ശരീരത്തിന്റെ മരണം കർമങ്ങളെ പുറകോട്ടു പ്രവർത്തിപ്പിച്ച് ഇല്ലാതാക്കുന്നില്ല' എന്ന വേദാന്തശാസ്ത്രരഹസ്യത്തിലോളം അവരെ കൊണ്ടുചെന്നെത്തിക്കുന്നു. നാണുഗുരു, തെക്കൻതിരുവിതാംകൂറിലെ മുഹമ്മദീയസിദ്ധൻ എന്നിങ്ങനെ ഈ അറിവു നേടിയവരിലൂടെ അതു പുരോഗമിക്കുമ്പോൾ രവിക്കു മാതവൻനായരുടെ ഗുരുവിനെ കാണണമെന്ന ആഗ്രഹം ജനിക്കുന്നു. അതിനു മാതവൻനായർ പറയുന്ന സമാധാനവും ഏറ്റവും ശ്രദ്ധേയം തന്നെ:

"സത്യത്തില് നിങ്ങൾക്ക് കാണണംന്ന് ആശയിണ്ടെങ്കില് ഗുരു നിങ്ങളെത്തേടി ഇങ്ങോട്ടന്നെ വരും. നോമ്മള് ഒരു ചുവട് അങ്ങോട്ടു വച്ചാല് ആയിരം ചുവട് ഇങ്ങോട്ട് അടുത്തുവരും. വിശ്വസിക്ക. മരണത്തെത്തേടി ആരും പോകേണ്ടതില്ല. മരണം നമ്മെ അന്വേഷിച്ചെ

ത്തിക്കൊള്ളുമെന്ന് നമ്മക്കറിയില്ലേ? മോക്ഷവും അങ്ങനെതന്നെ. ആഗ്രഹം വേണംന്ന് മാത്രം. ഈ ആഗ്രഹം മറ്റുള്ള ആഗ്രഹങ്ങളിൽ നിന്നു വേറിട്ടതാണെന്നും ഓർക്കുക.... അത് നമ്മെ തേടിവരും."

ഇങ്ങനെയാണ് രവിയും മാതവൻനായരും തമ്മിലുള്ള സൗഹൃദം വളർന്നുവന്നതെന്നും അതു പേരില്ലാത്ത ഒരു അവ്യാഖ്യേയമായ ആത്മബന്ധമായിരുന്നുവെന്നും പറഞ്ഞു നിർത്തുകയാണ് കഥാകൃത്തിവിടെ.

യഥാർത്ഥത്തിലിത് വേദാന്തശാസ്ത്രത്തിലെ ഗൂഢദർശനത്തിലൂടെയുള്ള ഒരു അനായാസസഞ്ചാരംതന്നെയാണ്. 'ഖസാക്കിന്റെ ഇതിഹാസം' എന്ന കൃതിയെയും അതിലെ പ്രധാന കഥാപാത്രങ്ങളെയും ഇതുവരെ ആരും വായിച്ചറിയാത്തമട്ടിൽ വായിച്ചതിന്റെ ഫലമാണിത്. സത്യത്തിൽ 'ഖസാക്കിന്റെ ഇതിഹാസം' എന്നേ പ്രതീക്ഷിച്ചിരുന്ന ഒരു പാരായണസാധ്യതയാണിത്. രതിവിരതികളുടെ പിടിവലികളിൽപെട്ടുഴലുന്ന പാവം മനുഷ്യമനസ്സിന്റെ പല പല വിഹ്വലതകളാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങളുടെ ചെയ്തികൾ മിക്കതിലും പ്രടകമാകുന്നത്.

'ഖസാക്കിൽനിന്നു പ്രവാചകനിലേക്ക്' എന്ന കഥയും മേൽച്ചൊന്ന സമീപനത്തിന്റെ മികച്ച ദൃഷ്ടാന്തം തന്നെയാണ്. മുൻപറഞ്ഞ കഥയിൽ ചിത്രീകരിച്ച കാലത്തിനുശേഷമുള്ള ഖസാക്കിലെ ഒരു സാങ്കല്പികതയായിട്ടാണ് ഇതു വികസിക്കുന്നത്. വേദാന്തപഠനം കഴിഞ്ഞെത്തിയ മാതവൻനായർ അമ്മയുടെ ദുർവൃത്തിപഥം കണ്ടറിഞ്ഞശേഷം രവി ആറുമാസക്കാലം കഴിച്ചുകൂട്ടിയ ആശ്രമം കണ്ടെത്താനുള്ള ശ്രമത്തിൽനിന്നാണ് ഈ കഥയുടെ പിറവി. ആശ്രമത്തിലെ അന്തേവാസിനിയുടെ വസ്ത്രമെടുത്തു ചുറ്റിക്കൊണ്ടായിരുന്നല്ലോ രവിയുടെ ഖസാക്കിലേക്കുള്ള പ്രയാണം. ഖസാക്കിൽനിന്ന് ആശ്രമത്തിലെത്തുന്ന മാതവൻനായർ മാസങ്ങൾ നീണ്ട അവിടത്തെ താമസം പൂർത്തിയാക്കി ഖസാക്കിൽ മടങ്ങിയെത്തുകയാണ്. ആശ്രമത്തിലെ അമ്മയുടെ വിശ്വാസവും ബഹുമാനവും നേടി തിരിച്ചെത്തുന്ന അയാൾ മനസ്സിലാക്കുന്ന ഒരു വലിയ കാര്യമുണ്ട്:

> **യഥാർത്ഥത്തിലിത് വേദാന്തശാസ്ത്രത്തിലെ ഗൂഢദർശനത്തിലൂടെയുള്ള ഒരു അനായാസസഞ്ചാരംതന്നെയാണ്. 'ഖസാക്കിന്റെ ഇതിഹാസം' എന്ന കൃതിയെയും അതിലെ പ്രധാന കഥാപാത്രങ്ങളെയും ഇതുവരെ ആരും വായിച്ചറിയാത്ത മട്ടിൽ വായിച്ചതിന്റെ ഫലമാണിത്.**

"ഇത് ഖസാക്കിലേക്കുള്ള വഴി. ഖസാക്കിൽനിന്നു പുറത്തേക്കുള്ള വഴിയും ഇതുതന്നെ. നടക്കുന്ന ആൾ തിരിച്ചുനടക്കുന്നുവെന്നേയുള്ളൂ. വഴി ഒന്നു തന്നെ. പ്രവാചകന്റെ വഴി."

ശരിക്കും ഈ തിരിച്ചറിവാണ് യഥാർത്ഥ അന്വേഷകന്റെ യഥാർത്ഥമായ അന്വേഷണഫലം. ദാർശനികനെന്നു വാഴ്ത്തപ്പെട്ട രവിക്കുപോലും ഈ നിലയിലേക്കുയരാൻ കഴിയുന്നില്ല. അയാൾ ഖസാക്കിൽനിന്നു പുറത്തുകടക്കുകയാണ്. പുറത്തേക്കുള്ള വഴിയിലൂടെ അയാളുടെ അന്വേഷണം പൂർത്തിയാക്കേണ്ടിയിരിക്കുന്നു. അതു മരണത്തിലൂടെ, അതിനപ്പുറമുള്ള അന്വേഷണങ്ങളിലൂടെയും ആകാം. എന്നാൽ മാതവൻനായർ പോകാനും

വരാനും വേറെ ഇടമില്ലാത്ത ഒരു നിലയിൽ, സ്ഥിരനിലയിൽ തുടരുന്നതായി കളിയലിൽ രാധാകൃഷ്ണൻ ഇക്കഥയിലൂടെ വ്യക്തമാക്കിത്തരുന്നു. അറിവിന്റെ അഴിവില്ലാത്ത സ്ഥിര നിലയാണത്.

ഈവിധത്തിൽ കഥയെഴുതുക എന്നത് ഒട്ടും എളുപ്പമുള്ള കാര്യമല്ല. പക്ഷേ അനുകൂലമായ തട്ടകമൊരുക്കിയ വിജയന്റെ രചനകൾ രാധാകൃഷ്ണന് അതിനു തുണയേകുന്നു. എങ്കിലും രചനാശില്പത്തെ കുറെക്കൂടി ഏകാഗ്രവും ലക്ഷ്യവേധിയും ആക്കാനുള്ള വൈഭവം നിരന്തരമായ അഭ്യാസത്തിലൂടെ അദ്ദേഹം ആർജ്ജിച്ചിരുന്നെങ്കിൽ മലയാളത്തിലെ പഥദർശിയാകുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

അത്തരം ശ്രമങ്ങൾ എന്തുകൊണ്ടോ കഥാകൃത്തും വേണ്ടവണ്ണം നടത്താതെ പോയി. അതുതന്നെയാണ് കളിയലിൽ രാധാകൃഷ്ണന്റെ രചനാവ്യക്തിത്വത്തിന് അർഹിക്കുന്ന അംഗീകാരം കൈവരാതെ പോയതിനു കാരണം. എന്നിരുന്നാലും പണിക്കുറ തീർന്ന രചനാശില്പങ്ങൾ തീർത്തില്ലെങ്കിലും, പ്രമുഖസാഹിത്യകാരനെന്ന കീർത്തി നേടിയില്ലെങ്കിലും, ഇവിടെയുണ്ടായിരുന്നു ഞാൻ എന്നറിയിക്കുന്നതിനു സ്വകീയമായ ശൈലിയും വേറിട്ട ചിന്തയും വെളിവാക്കുന്ന ഇതുപോലുള്ള രചനകൾമതി അദ്ദേഹത്തിന്റെ അസ്തിത്വം സ്ഥാപിച്ചെടുക്കുന്നതിന്.

# സംസ്കൃതിയുടെ ചിഹ്നങ്ങൾ

ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ*

**'ഇ**ലകളിൽ കാറ്റ്' എന്ന പ്രഥമ കവിതാസമാഹാരത്തിലൂടെത്തന്നെ പാകശാലികളായ വായനക്കാരുടെയും നിരൂപകരുടെയും മനസ്സിൽ പ്രവേശനം ലഭിച്ച കവിയാണ് രാജു വള്ളിക്കുന്നം. അദ്ദേഹത്തിന്റെ രണ്ടാമത്തെ കവിതാസമാഹാരമാണ് 'കോട്ടയംകാലം'. വൈവിധ്യത്തിന്റെ ചാരുത നിറഞ്ഞ മികച്ച ഇരുപത്തിയഞ്ചുകവിതകളുടെ സമ്പുടം- ഈ കവിതാപുസ്തകത്തെ അങ്ങനെ വിശേഷിപ്പിക്കാം. നാം കണ്ടിട്ടും ശ്രദ്ധിക്കാതെ പോവുന്ന ചില കാഴ്ചകളിലേക്ക് ഈ കവിതകൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ഇതിനകം തന്നെ പ്രസാധനരംഗത്ത് ഭാവാത്മകമായ പരിവർത്തനങ്ങൾക്കു നാന്ദികുറിച്ച റെയ്ൻബോ ബുക്സാണ് ഈ പുസ്തകം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. കെട്ടിലും മട്ടിലും പുതുമയും ലാളിത്യവും പുലർത്തുന്നു 'കോട്ടയംകാലം'. വലുതകരം നീട്ടി ഈ സമാഹാരത്തിന് അവതാരിക കുറിച്ചത് കെ.ബി. പ്രസന്നകുമാർ. 'പുതിയ കവിതയുടെ സ്ഥലകാലങ്ങളിലേക്ക്' എന്ന തലക്കെട്ടിനു താഴെ അദ്ദേഹമെഴുതിയ അവതാരികയിലെ ഓരോ വാക്യവും, ഈ സമാഹാരത്തിലെ രചനകളോടു പരമാവധി നീതിപുലർത്തുന്നുവെന്ന് എടുത്തുപറയുവാൻ എനിക്ക് ഉത്സാഹമുണ്ട്. പാണ്ഡിത്യപ്രകടനത്തിന്റെയും അതിവാദത്തിന്റെയും വിഹാരഭൂമികയാണ് അവതാരിക എന്നു തെറ്റിദ്ധരിച്ച് എഴുത്തു ജീവിതം നയിക്കുന്നവരെ തിരുത്തുന്ന മാതൃകാപരമായ ഈ അവതാരികയാണ് പുസ്തകത്തിന്റെ ആദ്യപേജുകളെ വിലപിടിപ്പുള്ളതാക്കുന്നത്. ഈ യാഥാർത്ഥ്യം ഓരോ വായനയിലും കൂടുതൽ കൂടുതൽ വ്യക്തമാകുന്നു.

**കവിക്കന്യമായ, കവിതയ്ക്കന്യമായ യാതൊന്നും തന്നെ ഈ മഹാപ്രപഞ്ചത്തിലില്ലെന്നു രാജു വള്ളിക്കുന്നത്തിൽ ഉണർന്നിരിക്കുന്ന കവിപ്രതിഭയ്ക്ക് നന്നായി അറിയാം. ആ അറിവിൽ നിന്നുദിക്കുന്ന പ്രകാശവും ഊർജവും തന്റെ കാവ്യലോകത്തിലേക്കദ്ദേഹം കടത്തിവിടുന്നു.**

കവിക്കന്യമായ, കവിതയ്ക്കന്യമായ യാതൊന്നും തന്നെ ഈ മഹാപ്രപഞ്ചത്തിലില്ലെന്നു രാജു വള്ളിക്കുന്നത്തിൽ ഉണർന്നിരിക്കുന്ന കവിപ്രതിഭയ്ക്ക് നന്നായി അറിയാം. ആ അറിവിൽ നിന്നുദിക്കുന്ന പ്രകാശവും ഊർജവും തന്റെ കാവ്യലോകത്തിലേക്കദ്ദേഹം കടത്തിവിടുന്നു. സംസ്കാരത്തിന്റെ പ്രബുദ്ധരൂപമാണ് അദ്ദേഹത്തിനു കവിത. കേവലമൊരു വിനോദോപാധിയെന്ന നിലയിലോ ചെവിക്കിമ്പം പകരുന്ന ഒരു സംഗീതമാധ്യമരൂപമെന്ന നിലയിലോ കവിതയെ ന്യൂനീകരിച്ചുകാണാൻ താത്പര്യപ്പെടുന്നില്ല ഈ കവി. കാസറ്റുകവിതകളുടെ വിപണനസാധ്യതകളോർത്ത് കവിതയെഴുതുന്നവരിൽനിന്നു സുരക്ഷിതമായ ഒരകലം പാലിക്കാനെന്നും രാജു വള്ളിക്കുന്നം ശ്രദ്ധിച്ചിട്ടുണ്ട്. കവിതയെ ചന്തച്ചമയങ്ങളണിയിച്ചും പാട്ടുകൊണ്ട് ഓട്ടയടച്ചും ജനപ്രിയവസ്തുവാക്കി തരംതാഴ്ത്തുന്ന

* *ലക്ചറർ, മലയാളവിഭാഗം, സാമൂതിരി ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്-14*

യശോമോഹികളും ധനകാംക്ഷികളുമായ കവികളുടെ എതിർധ്രുവത്തിൽ നിലയുറപ്പിക്കുവാനാണ് ഈ സമാഹാരത്തിലൂടെയും അദ്ദേഹം യത്നിക്കുന്നത്. കവിത സംസ്കാരത്തിന്റെ പാരായണവും വിമർശനവുമാണെന്നു തിരിച്ചറിഞ്ഞ ഒരു കവിയെ ഈ കവിതകളിലൂടെ നാം അടുത്തു പരിചയപ്പെടുന്നു. കോട്ടയത്തുനിന്നു കവി കാണുന്ന ലോകക്കാഴ്ചകളാണ് ഈ ഇരുപത്തിയഞ്ചുകവിതകളും.

അഭിലഷണീയമായ ഒരു ഭാവുകത്വപരിണാമത്തിന്, ആരോഗ്യകരമായ ഒരു കാവ്യദർശനത്തിന് ശുഭാരംഭം കുറിക്കുന്നുണ്ട് ഈ സമാഹാരത്തിലെ പല കവിതകളും. സംസ്കാരത്തിന്റെ പുതുമ നിറഞ്ഞ വ്യാഖ്യാനങ്ങളാണ് ഈ കവിതകളുടെ ഘനകേന്ദ്രം. കഥകളി, സിനിമ, സെൻബുദ്ധിസം, സാഹിത്യം, പ്രകൃതി, ആഗോളീകരണം, നവസിദ്ധാന്തങ്ങൾ, ആൾദൈവങ്ങൾ, കേരളരാഷ്ട്രീയം, പ്രണയത്തിന്റെ അർത്ഥപ്പകർച്ചകൾ, നന്മയുടെ പൂമരങ്ങൾ- ഇവയൊക്കെ ഈ കവിതകളിലിടം പിടിക്കുന്നുണ്ട്. സംസ്കാരത്തിന്റെ ചിഹ്നമാവുകയാണ് ഇവിടെ കവിതയുടെ ജന്മനിയോഗം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സംസ്കാരത്തിന്റെ സ്ഥൂലവ്യാഖ്യാനങ്ങളെ പ്രതിരോധിക്കുന്ന രചനകളായി ഈ കവിതകൾ സ്വയം സംസാരിക്കുന്നു. സംസ്കാരത്തിന്റെയും കാലത്തിന്റെയും ദേശത്തിന്റെയും ബിംബങ്ങൾ കവിതയായി രൂപാന്തരം പ്രാപിക്കുന്ന ഈ രീതി എഴുത്തിന്റെ നടപ്പുരീതികളോടുള്ള ഒരു കലാകാരന്റെ വിയോജനക്കുറിപ്പുകളാണ്. പാർട്ടിരാഷ്ട്രീയത്തിനപ്പുറമുള്ള ഒരു രാഷ്ട്രീയം ഈ കവിതകളുടെ ആധാരശ്രുതിയായി നിലകൊള്ളുന്നതിന്റെ കാരണവും ഇതുതന്നെയാണ്.

**സംസ്കാരത്തിന്റെ ചിഹ്നമാവുകയാണ് ഇവിടെ കവിതയുടെ ജന്മനിയോഗം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സംസ്കാരത്തിന്റെ സ്ഥൂലവ്യാഖ്യാനങ്ങളെ പ്രതിരോധിക്കുന്ന രചനകളായി ഈ കവിതകൾ സ്വയം സംസാരിക്കുന്നു.**

സിദ്ധാന്തങ്ങളുടെയോ പ്രസ്ഥാനങ്ങളുടെയോ ചതുരവടിവിലൊതുങ്ങി ഞെരിഞ്ഞമരുന്ന കവിതകളല്ല ഈ സമാഹാരത്തിലുള്ളത് എന്ന വസ്തുതയും പ്രത്യേകമായി എടുത്തുപറയേണ്ടതാണ്. പ്രസ്ഥാനങ്ങളും സിദ്ധാന്തങ്ങളും സാംസ്കാരിവ്യവഹാരക്രമത്തിൽ ചെലുത്തുന്ന സ്വാധീനത കൃത്യമായി അടുത്തറിഞ്ഞിട്ടുള്ള കവയാണ് രാജു വള്ളിക്കുന്നം. വിപുലമായ വായനയുടെ പിൻബലമുള്ള, സംസ്കാരനിരീക്ഷണപരിചയത്തിന്റെ പിൻബലമുള്ള കവിയാണദ്ദേഹമെന്ന് അടുത്തു പരിചയമുള്ളവർക്കറിയാവുന്ന കാര്യമാണ്. സിദ്ധാന്തങ്ങളുടെ സ്ഥാനമെന്താണെന്നു നന്നായി ഗ്രഹിച്ച ശേഷവും കവിതയെന്ന ജൈവഘടകത്തിന്റെ തനതു വ്യക്തിത്വത്തെ മാനിക്കുവാനാണ് ഈ കവിക്കു താത്പര്യം. ലേഖനങ്ങളിൽനിന്നും പത്രവാർത്തകളിൽനിന്നും കവിതയ്ക്കുള്ള മൗലികമായ വ്യക്തിത്വഭേദമെന്താണെന്ന് ഈ കവി നന്നായി മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ മെച്ചം കവിതകളിൽ പ്രതിഫലിക്കുന്നുമുണ്ട്.

പ്രകൃതിയോടിണങ്ങിച്ചേരുന്ന, പ്രകൃതിയിൽനിന്നു ജ്ഞാനം സ്വീകരിക്കുന്ന, പ്രകൃതിയെ സംസ്കൃതിയുടെ അഭിന്നഭാഗമായി തിരിച്ചറിഞ്ഞാദരിക്കുന്ന ഒരു നാടൻവിവേകത്തിന്റെ വെളിച്ചം ഈ കവിതകളിലാകെ പ്രസരിക്കുന്നുണ്ട്. കലാകാരനും നിലാവും മഴയും സ്വപ്നവും പ്രണയവും താളപ്പെരുക്കങ്ങളും സ്വത്വവിശുദ്ധിയും ധ്യാനപൂർണിമയും എല്ലാ

മെല്ലാം പാരസ്പര്യത്തോടെ പുലരുന്നു കവിതയുടെ ഈ നാട്ടുമണ്ണിൽ. ദേശത്തെ എഴുതുന്നതാണ് എഴുത്ത് എന്നു നമ്മുടെയൊരു മുതിർന്ന കവി മൊഴിഞ്ഞതിന്റെ സാരം ഈ കവിതകൾ സ്വന്തമാക്കുന്നു. തത്ത്വചിന്താപരമായ ഒരു കാഴ്ചപ്പാടാണ് എല്ലാ കവിതകളിലും പ്രവർത്തിക്കുന്നതെന്നു നിസ്സംശയം പറയാൻ സാധിക്കും. ജീവിതമെന്ന യക്ഷപ്രശ്നത്തിന്റെ കുരുക്കുഴിക്കുവാൻ കവി ശ്രമിക്കുമ്പോഴൊക്കെ തത്ത്വചിന്ത കൂട്ടായെത്തുന്നു. അയ്യപ്പപ്പണിക്കരുടെയും കെ.ജി. ശങ്കരപ്പിള്ളയുടെയും കവിതകളുമായുള്ള ഗാഢപരിചയം പല കവിതകളുടെയും ഭാഷാഘടനയെ നിർണയിക്കുന്നതും കാണാം.

ഗദ്യകവിതയുടെ സാധ്യതകൾ പരമാവധി ആരായുമ്പോൾത്തന്നെ ആന്തരികമായ സംഗീതത്തിനു കവിതയിലുള്ള സ്ഥാനമെന്താണെന്നു രാജവള്ളിക്കുന്നത്തിന് ഉറച്ച ധാരണയുണ്ട്. നമ്മുടെ പാട്ടുപാരമ്പര്യത്തിന്റെ സത്സ്രോതസ്സുകളുമായുള്ള നിരന്തരസഹവാസത്തിൽനിന്ന് ഉരുവംകൊണ്ട ശ്രേഷ്ഠധാരണയാണത്. രംഗകലാവിമർശകനെന്ന നിലയിൽ രാജു ആർജ്ജിച്ചെടുത്ത ദൃശ്യസംസ്കാരത്തിന്റെ ഉത്തമഭാവുകത്വം മിക്ക കവിതകളിലും പ്രവർത്തിക്കുന്നുണ്ട് എന്നതു മറ്റൊരു പ്രത്യേകത. വൈവിധ്യസമ്പന്നവും ധ്വനിസാന്ദ്രവുമായ ദൃശ്യബിംബങ്ങളുടെ തിരനോട്ടം ചില കവിതകളുടെ രൂപഘടനയെത്തന്നെ നിർണയിക്കുന്നുണ്ട്. വിവിധ രസങ്ങളുടെയും ഭാവങ്ങളുടെയും ഉചിതസമ്മിശ്രണം കൂടിയാണ് വള്ളിക്കുന്നം കവിതകൾ. പൊങ്ങച്ചപ്രകടനങ്ങളോടും ബുദ്ധിജീവിനാട്യങ്ങളോടും മുനകൂർത്ത പരിഹാസമെയ്യുവാൻ രാജുവിലെ കവിക്ക് സവിശേഷമായ സിദ്ധി തന്നെയുണ്ടെന്നു പറയാതെ വയ്യ. നർമത്തിൽ ചാലിച്ച ഈ വിമർശനങ്ങൾ നമ്മുടെ സമ്പന്നമായ ഹാസ്യകവിതാധാരയുടെ തുടർച്ചയെയും വളർച്ചയെയും പ്രതിനിധാനം ചെയ്യുന്നു. നമ്പ്യാരിലും അയ്യപ്പപ്പണിക്കരിലും കടമ്മനിട്ടയിലും വിളഞ്ഞ സംസ്കാരവിമർശനത്തിന്റെ ഹാസ്യതലമിവിടെ പുതിയ ഭാവം സ്വീകരിക്കുന്നു.

**രംഗകലാവിമർശകനെന്ന നിലയിൽ രാജു ആർജ്ജിച്ചെടുത്ത ദൃശ്യസംസ്കാരത്തിന്റെ ഉത്തമഭാവുകത്വം മിക്ക കവിതകളിലും പ്രവർത്തിക്കുന്നുണ്ട് എന്നതു മറ്റൊരു പ്രത്യേകത.**

സെൻതത്ത്വചിന്തയുടെ ലാളിത്യവും നിത്യവിശുദ്ധിയും ഇതരദർശനങ്ങളിൽനിന്ന് അതിനുള്ള വ്യതിരിക്തതയും സുതാര്യമായി പ്രകാശിപ്പിക്കുന്നു, 'സെൻഭിക്ഷു ചായ പകരുന്നു' എന്ന കവിത. സെൻദർശനത്തിന്റെ സവിശേഷമായ അന്തരീക്ഷവിശുദ്ധി ഒട്ടുമേ തൂവിപ്പോകാതെ പാകത്തോടെ ഒപ്പിയെടുക്കുന്നു കവിയുടെ അനുഗൃഹീതഭാവന. കാവ്യഭാഷയുടെ വിനിയോഗത്തിൽ കവി പുലർത്തുന്ന ശ്രദ്ധയും ധ്യാനതുല്യമായ മനോഭാവവും ഈ കവിതയുടെ മഹത്ത്വത്തിനു മയിൽപ്പിലിത്തിളക്കമേറ്റുന്നുണ്ട്. ഉത്തമകവിത മന്ത്രത്തിന്റെ തലത്തിലേക്കു വളരുമെന്നും ആസ്വാദകരെ വിമലീകരിക്കുവാനതിന് അനായാസം സാധിക്കുമെന്നും അരവിന്ദമഹർഷി എഴുതിയത് ഇവിടെയോർത്തുപോവുന്നു. സമാഹാരത്തിലെ ആദ്യകവിതയെന്ന പ്രാധാന്യം മാത്രമല്ല ഏറ്റവും മികച്ച കവിത എന്ന പ്രാധാന്യവും ഈ കവിതയ്ക്ക് സ്വന്തമാണെന്നാണ് എന്റെ വിശ്വാസം. മനസ്സിന്റെ പ്രബുദ്ധതലത്തെ ഈ കവിത പ്രചോദിപ്പിക്കുന്നു. നമ്മുടെ ഉള്ളിലെ സ്നേഹത്തിന്റെ ഉറവകളെ ഉണർത്തുന്നു ഈ കവിതയിലെ പരിചരണസൂക്ഷ്മത. അകമേ നിറയും നിതാന്തമാം

ശൂന്യതയിലേക്കു കവി നമുക്കു ഹൃദ്യമായി സ്വാഗതമോതുന്നു. ഔപചാരികതകളുടെ ചിട്ടവട്ടങ്ങളേതുമില്ലാതെ നാം ആ ക്ഷണം സ്വീകരിച്ച് കവിതയുടെ മുളങ്കൂട്ടിലേക്കു തെളിമയോടെ പ്രവേശിക്കുകയാണ്. ശബ്ദകോലാഹലമടക്കമുള്ള സകലവിധ അസ്വാരസ്യങ്ങളെയും നാമിതോടെ ഉപേക്ഷിക്കുകയാണ്. മുളമറക്കുടിലിൽ നാമൊരു സെൻഭിക്ഷുവിനെ കാണുന്നു. പിന്നെ നിർമിക്കപ്പെടുന്നത് ഒരു സെൻചായയാണ്. ആ കാഴ്ച ഒരു ബോധോദയമാണ്. പുതിയൊരു വിവേകത്തിന്റെ സൂര്യരശ്മി നമ്മെ ഇതൊടെ തഴുകിയുണർത്തുന്നു.

"ചെത്തിയൊരുക്കിയ മുളമറ
മണയിൽ പച്ചിലച്ചാറൊഴുകിയ പാടുകൾ
അകമേ നിറയും നിതാന്തമാം ശൂന്യത
മുറിയാതെ വേണമകത്തു കടക്കുവാൻ" എന്ന തുടക്കം തന്നെ എത്ര മനോഹരം. സെൻചിന്തയിൽ എല്ലാ പ്രവൃത്തികളും സൂക്ഷ്മതയെയും പൂർണതയെയും പ്രാപിക്കുന്നു. അതിസാധാരണമെന്നു നാം വ്യവഹരിക്കുന്ന ചായനിർമാണം പോലും സെൻചിന്തയിൽ ധ്യാനത്തിന്റെ കലയാണ്. നിസ്സാരവും സാരവും തമ്മിലുള്ള അതിർവരമ്പ് ഇവിടെ മാഞ്ഞുപോവുന്നു. പ്രബുദ്ധമെന്നു വിശേഷിപ്പിക്കാവുന്ന ഒരദ്വൈതാനുഭൂതി, സ്വയം വെളിപ്പെടുകയും പ്രകാശിക്കുകയും ചെയ്യുന്ന ഉന്നതമായ ഒരവസ്ഥ ഇതോടെ നാമറിഞ്ഞനുഭവിച്ചുതുടങ്ങുന്നു. കറകൾ പറ്റാത്ത ഒരു കണ്ണാടിപോലെ ആദിമമായ ഒരു വിശുദ്ധിയിലേക്ക് നമ്മുടെ മനസ്സ് സ്വയം മാറിത്തീരുന്നു. ഈ കവിതയിൽ കാലംപോലും ശാന്തഭാവത്തിലാണ്. പ്രപഞ്ചത്തിന്റെ അനാദിയായ താളം ഓരോ വലിയിലും ഒഴുകിപ്പരക്കുന്നു. കവിതയുടെ അവസാനവരികൾ ശ്രദ്ധിക്കുക:

**മുളമറക്കുടിലിൽ നാമൊരു സെൻഭിക്ഷുവിനെ കാണുന്നു. പിന്നെ നിർമിക്കപ്പെടുന്നത് ഒരു സെൻചായയാണ്. ആ കാഴ്ച ഒരു ബോധോദയമാണ്.**

"ഓർക്കുവാനല്ല പൂർണതയ്ക്കപ്പുറം, ചായയിൽ
ആർദ്രമെന്തോ കൈവല്യമായ് - കാരുണ്യമോ
ചെത്തിയൊരുക്കിയ മുളമറയ്ക്കപ്പുറം
ശ്രദ്ധ സ്നേഹം നിതാന്തവിശുദ്ധികൾ." ഒരു കണ്ണാന്തളിപ്പൂമൊട്ടു വിടരുന്നതുപോലെ നമ്മുടെ മനസ്സിവിടെ വിടർന്നു സുഗന്ധം പരത്തുന്നു. പുഞ്ചിരിയുടെയും ശൂന്യതയുടെയും വചനശുദ്ധിയുടെയും കാരുണ്യത്തിന്റെയും പ്രപഞ്ചഘടകങ്ങളുടെയും പൊരുൾ സ്വാഭാവികമായി നാം ഈ കവിതയിലൂടെ തിരിച്ചറിയുന്നു. പ്രാണബലത്തിന്റെ തേജസ്സ് പ്രസരിപ്പിക്കുന്ന ഈയൊരൊറ്റക്കവിത മതി രാജുവള്ളിക്കുന്നത്തിന്റെ കവിജന്മം ചാരിതാർത്ഥ്യത്തിന്റെ സിന്ദൂരമണിയുവാൻ.

കവിതയെഴുത്ത് പൂവിരിയുന്നതുപോലെ അനായാസമായ ഒരു പ്രതിഭാസമാണെന്നു സുഗതകുമാരിയെപ്പോലുള്ള കവികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാല്പനികകവികളെ സംബന്ധിച്ചിടത്തോളം അതു സത്യവുമാണ്. എന്നാൽ അവരുടെ സത്യം എല്ലാവരുടെയും അനുഭവമാകണമെന്നില്ല. ബോധപൂർവ്വം നിർമിച്ചെടുക്കുന്ന ഒരു സാംസ്കാരികപാഠമാണ് ശങ്ക

രപ്പിള്ളയെപ്പോലുള്ള കവികൾക്കു കവിത. ഒന്ന് മറ്റേതിനെക്കാൾ മീതെയോ താഴെയോ ആണെന്ന് എളുപ്പത്തിൽ വിധിക്കുന്നതിലർത്ഥവുമില്ല. ഈ യാഥാർത്ഥ്യങ്ങളോട് അന്വയിച്ചു വായിക്കേണ്ട കവിതയാണ് 'ഇരുപതു വരിക്കവിത എഴുതുക എളുപ്പമല്ല' എന്ന വ്യത്യസ്ത രചന. ഭാഷയുടെ അപൂർണതയും അനുഭവത്തിന്റെ അപൂർണതയും ആവിഷ്കാരത്തിന്റെ അപൂർണതയും അർത്ഥനിവേദനത്തിന്റെയും സ്വീകരണത്തിന്റെയും അപൂർണതയും ഇവിടെ വിഷയമാവുന്നു. കവിതയെ കവിതയാക്കിത്തീർക്കുന്ന അഗ്നിവർണമുള്ള ആ ഒരൊറ്റവരിയെ പിടിച്ചെടുക്കുക പ്രയാസമാണെന്നു കവി തുറന്നുപറയുന്നു. ഒരു പിടികിട്ടായ്മയെ പിടിച്ചെടുക്കുകയാണ് കവിത. ഒരു കൈകൊണ്ടെഴുതുകയും മറുകൈകൊണ്ടു തിരുത്തുകയും ചെയ്യുന്ന സങ്കീർണമായ ഒരു പ്രക്രിയയാണത്. ഈ യാഥാർത്ഥ്യം പ്രകാശിപ്പിക്കവേതന്നെ കവിതയെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ എന്ന ലളിതമായ ഉദ്ബോധനത്തിനു പിന്നിലെ അപകടം ഈ കവിത മുൻകൂട്ടി കാണുകയും ചെയ്യുന്നു. മുളങ്കാടു പൂത്തപോലെ കവിതകൾ പൂക്കുന്നതിലർത്ഥമില്ലെന്നും ക്വാളിറ്റിയിലാണ് ക്വാണ്ടിറ്റിയിലല്ല കാര്യമെന്നും ഈ കവിത പറഞ്ഞുതരുന്നു. ആഗോളീകരണം ഭാഷയുടെയും ഭാവനയുടെയും ചിന്തയുടെയും അന്ത്യമണി മുഴുക്കുന്നുവെന്നു നാം ആശങ്കപ്പെടുന്ന കാലത്ത് ഈ കവിത കൂടുതൽ പ്രസക്തമാവുന്നു. വ്യത്യസ്തതകളെ ഹനിക്കുന്ന അഭിരുചികളുടെ വൈവിധ്യത്തെ വന്ധ്യംകരിക്കുന്ന നിയോകൊളോണിയൽ പ്രത്യയശാസ്ത്രത്തിന്റെ നീരാളിപ്പിടിത്തത്തിനിടയിലും കവിതയെഴുതുക എന്നതുതന്നെ ഒരു പ്രതിരോധകർമമാവുന്നു. കാലത്തെ സ്പർശിക്കുന്ന ആ ഒരൊറ്റ വരിക്കുവേണ്ടി കവി തപമനുഷ്ഠിക്കുന്നു. ശബ്ദകോശത്തിന്റെ സങ്കോചം സംസ്കാരത്തിന്റെ സങ്കോചമാണെന്നതു വള്ളിക്കുന്നത്തിനറിയാമെന്ന് ഈ കവിത സാക്ഷ്യപ്പെടുത്തുന്നു. കവിതയോട് ഇന്നിന്റെ ലോകബോധം എങ്ങനെ സംവദിക്കുന്നു എന്നതിന്റെ രേഖാചിത്രം കൂടിയാണ് ഈ കവിത.

**കവിതയെഴുത്ത് പൂവിരിയുന്നതുപോലെ അനായാസമായ ഒരു പ്രതിഭാസമാണെന്നു സുഗതകുമാരിയെപ്പോലുള്ള കവികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാല്പനികകവികളെ സംബന്ധിച്ചിടത്തോളം അതു സത്യവുമാണ്.**

'ചിലർ' എന്ന കവിത സമകാലികസംസ്കാരത്തിന്റെ (കേരളത്തിന്റെ) നേർപരിഛേദമാണ്. നന്മ സ്വപ്നംകണ്ട ഒരു കാലഘട്ടത്തിന്റെ വേലിയിറക്കവും അതിന്റെ സഹതാപപൂർണമായ പിൽക്കാലപതനചരിത്രവും ഗംഭീരമായി വരച്ചുകാട്ടുന്നു ഈ കവിത. പുതിയ വേഷങ്ങളും പുതിയ ആശയധാരണകളും പേറി ഒരാൾക്കൂട്ടമായി സമൂഹമനസ്സ് അധഃപതിച്ചത് കവി ചിത്രീകരിക്കുകയാണ് ഈ കവിതയിലൂടെ. സാംസ്കാരികപ്രവർത്തനം ഒരുതരം വഴിവാണിഭമായി തരംതാഴ്ന്നതിന്റെ വേദന ഈ കവിത നമ്മോടു പങ്കിടുന്നുണ്ട്. ജീവിക്കുന്ന പരിസരത്തോടും ഈയാംപാറ്റകളെപ്പോലെ ക്ഷണികായുസ്സുകളായ വാർത്താശകലങ്ങളോടും തന്റെ പ്രതികരണത്തെ കവി ചേർത്തുവയ്ക്കുകയാണ്. ആൾദൈവങ്ങളും പരിസ്ഥിതിവാദികളും ഭരണാധികാരികളും ബദൽമാർഗാന്വേഷകരും ആസക്തിയുടെ മൊത്ത വില്പനക്കാരും പുതിയ ആശയങ്ങളുടെ താത്കാലികപകിട്ടിൽ ഭ്രമിച്ചു പുളഞ്ഞു നടക്കുന്നവരും നിറഞ്ഞതാണ് ഇന്നിന്റെ കാലമെന്ന് ഈ കവിത ഉറക്കെപ്പറയുന്നു. ഇവ

രെയൊക്കെ സഹിക്കാം. എന്നാൽ സിദ്ധാന്തങ്ങൾ ചവച്ചിരിക്കുന്ന ചില സാംസ്കാരിക ബുദ്ധിജീവികളെ സഹിക്കുക ഏറെ പ്രയാസം തന്നെ. അവരെ കവി ഇങ്ങനെ സ്ഥാനപ്പെടുത്തുന്നു:

"പ്രത്യയശാസ്ത്രബഹുലതയെക്കുറിച്ചു തർക്കിച്ച്
പുഴയോരങ്ങളിലിരുന്നു;
ഫാക്ടറികളുടെ അഴുക്കുകുഴലുകൾ പോലെ
വായും തുറന്ന്." ആശയമലിനീകരണം നടത്തുന്ന ഇക്കൂട്ടരാണ് ഏറെ അപകടകാരികൾ.

ഹിപ്പോക്രസിയുടെ അരങ്ങേറ്റങ്ങളും ഗംഭീരസമരചരിതങ്ങളുടെ പ്രഹസനപാഠഭേദങ്ങളും ഈ കവിതയിൽ വിഷയങ്ങളാവുന്നുണ്ട്. കോമാളിയുഗത്തിൽ ജീവിക്കുന്ന നമ്മളെ നമുക്കുതന്നെ കാണിച്ചുതരുകയാണ് ഈ കവിത. ചരിത്രമൊരു പ്രഹസനമായി മാറുന്നതെങ്ങനെയെന്ന് ദുരന്തഫലിതത്തിന്റെ അകമ്പടിയോടെ ഈ രചന രേഖപ്പെടുത്തുന്നു.

'കാലഘട്ടം' എന്ന ഹ്രസ്വരചന കാപട്യങ്ങളും കുതന്ത്രങ്ങളും നിറഞ്ഞ വർത്തമാന കാലത്തെ പച്ചയായി ആവിഷ്കരിക്കുന്നു. കേവലമൊരു ചരക്കായി, പുരുഷന്റെ ദുഷിച്ച കാമനകൾക്കിരയായി പട്ടുപോവുന്ന പെൺജന്മങ്ങളെ ഈ കവിത സ്മൃതിപഥത്തിലെത്തിക്കുന്നു. കൗമാരത്തിന്റെ ക്ഷണികവും അപക്വവുമായ മോഹങ്ങൾ ചിറകുവിരിച്ചു പറന്നെത്തുന്നത് ഒരിക്കലും കുതറിമാറാനാവാത്ത കെണികളിലേക്കാണെന്നു പരോക്ഷമായി ഓർമപ്പെടുത്തുന്നു ഈ കവിത. ഗുരുത്വത്തിൽനിന്നു ലഘുത്വത്തിലേക്കു ചരിത്രം സഞ്ചരിക്കുന്നതെങ്ങനെയെന്നതിന്റെ ഉത്തമനിദർശനമാണ് ഈ രചന. നീതിയും പ്രണയവും ബന്ധവും കെട്ടുപോയ ഒരു കാലഘട്ടത്തെ നിർമമമായി വിചാരണചെയ്യുകയാണ് ഈ ചെറുകവിത.

**ഹിപ്പോക്രസിയുടെ അരങ്ങേറ്റങ്ങളും ഗംഭീരസമരചരിതങ്ങളുടെ പ്രഹസനപാഠഭേദങ്ങളും ഈ കവിതയിൽ വിഷയങ്ങളാവുന്നുണ്ട്. കോമാളിയുഗത്തിൽ ജീവിക്കുന്ന നമ്മളെ നമുക്കുതന്നെ കാണിച്ചുതരുകയാണ് ഈ കവിത.**

'എം.എൻ. വിജയന്റെ മരണം അഥവാ വിജയാ മരിക്കുക വിജയാ മരിക്കുക' എന്ന കവിത നാലുഖണ്ഡങ്ങളായിട്ടാണ് കവി വിന്യസിച്ചിരിക്കുന്നത്. ടോം ടിക്കറുടെ Run lola Run എന്ന സിനിമയിൽ ഒരു സംഭവത്തിനു കാലത്തിന്റെ പ്രതിസന്ധിയിലൂന്നിയ വിവിധ ചിത്രീകരണങ്ങളിലൂടെ പുതിയ ക്രമങ്ങൾ രൂപപ്പെടുന്നത് ഈ രചനയ്ക്ക് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നു എന്നു കവിതയുടെ അടിക്കുറിപ്പു വ്യക്തമാക്കുന്നു. എം. എൻ. വിജയന്റെ ആകസ്മികവും നാടകീയവുമായ മരണത്തെ വ്യത്യസ്ത സാധ്യതകളിലേക്കു പടർത്തുകയാണ് ഈ കവിത. ഓരോരോ കാവ്യഖണ്ഡങ്ങളും ഓരോരോ സാധ്യതകളെ സങ്കല്പിക്കുന്നു. കവിത ഇവിടെ സാധ്യതയുടെയും വിചിത്രഭാവനയുടെയും ക്രൂരപരിഹാസത്തിന്റെയും വാസസ്ഥലമാകുന്നു. വിജയൻ മാഷിനെ കൾട്ട്ഫിഗറാക്കി തലയിലേറ്റിനടന്നവരും പുറപ്പുറത്തേക്കു ചാഞ്ഞ സ്വർണമരമായി വിശേഷിപ്പിച്ചവരും നേതാവിന്റെ നല്ല ബുക്കിൽ സ്ഥാനംകിട്ടുക എന്ന ലക്ഷ്യത്തോടെ അദ്ദേഹത്തിന്റെ മരണത്തെ

അവസരമാക്കി നാവിനു വിശ്രമം നല്കാതെ പുലഭ്യങ്ങൾ പറഞ്ഞവരും ഒന്നുപോലെ നമ്മുടെ ഓർമയിലേക്കു നടന്നെത്തുന്നു ഈ കവിത വായിക്കുന്ന സന്ദർഭത്തിൽ. പരസ്യവും ജനകീയവുമായ ആ വ്യത്യസ്തമരണത്തെ മലയാളികളായ നാം എങ്ങനെയൊക്കെ നോക്കിക്കണ്ടുവെന്നു പരിശോധിച്ചുകൊണ്ടു നമ്മുടെ സാംസ്കാരികത്തകർച്ചയെ ഉന്നതമായ ഫലിതഭാവനയുടെ സഹായത്തോടെ കടന്നാക്രമിക്കുകയാണ് ഈ കവിത.

വിളഞ്ഞ നർമത്തിന്റെ സന്നിഹിതത്വംകൊണ്ടു ശ്രദ്ധേയമായ 'കേറിപ്പോടീ അകത്ത്', 'ചിക്കൻഗുനിയാ കാലത്തെ പ്രണയം' എന്നീ കവിതകൾ ചിന്തോദ്ദീപകങ്ങളാണ്. കവിതസംസ്കാരത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്ന് എങ്ങനെ അരികുകളിലേക്കു മാറ്റപ്പെട്ടു എന്ന ചോദ്യത്തിനു തന്റേതായ ഉത്തരം നൽകുന്ന 'കടത്തിണ്ണകളിൽ വെറുതെയിരിക്കുന്നവരെക്കുറിച്ചു കവിതയെഴുതുന്നതെന്തിന്?', കലാമണ്ഡലം ഹൈദരാലിയുടെ കലാസപര്യയുടെ നിറവാർന്ന ഓർമകൾ പങ്കിടുന്ന 'നിരൂപിതമല്ലയൊന്നും', അയ്യപ്പപ്പണിക്കരെയും അദ്ദേഹത്തിന്റെ കവിതകളെയും അടുത്തുകാണാൻ ശ്രമിക്കുന്ന 'അയ്യപ്പപ്പണിക്കരും ഞാനും', ആഗോളീകരണത്തിന്റെ സ്വാധീനത തന്റെ ജീവിതവുമായി ചേർത്തു രസകരമായി പരിശോധിക്കുന്ന 'ആഗോളവത്കരണത്തിന്റെ ദൂഷ്യങ്ങൾ' എന്നീ കവിതകൾ വേറിട്ട സ്വരം കേൾപ്പിക്കുന്നവയാണ്.

"രേവാനദീതീരം ശാന്തം അപരാഹ്നമായ്

യാഗശാലയിൽ അവ ഭൃഥസ്നാനമൊരുക്കങ്ങൾ

യജ്ഞകുണ്ഡത്തിൽ അവസാനതീനാളവും

കത്തുന്ന കാറ്റിൽ, പതുക്കെപ്പടരുന്നു" എന്നാരംഭിക്കുന്ന 'ആത്മതർപ്പണം' എന്ന കവിത മിത്തിക്കലായ ഒരു പ്രമേയത്തിന്റെ വ്യത്യസ്തമായ വായനയാണ്. 'നീലിമംഗലം' എന്ന കവിത കോട്ടയംകാലത്തിന്റെ നേർസൃഷ്ടിയാണ്.

> **വിളഞ്ഞ നർമത്തിന്റെ സന്നിഹിതത്വംകൊണ്ടു ശ്രദ്ധേയമായ 'കേറിപ്പോടീ അകത്ത്', 'ചിക്കൻഗുനിയാ കാലത്തെ പ്രണയം' എന്നീ കവിതകൾ ചിന്തോദ്ദീപകങ്ങളാണ്.**

"ശാന്തമെപ്പോഴും നീലിമംഗലം പൂവരശിൻ നിഴൽപറ്റി
ബസ്സുകാത്തുനിൽക്കുമൊരു പെണ്ണും പുഴയും ഒരു
കൊച്ചുപീടികയും ഒരു രക്തസാക്ഷിയുമൊഴികെ
ശാന്തമെപ്പോഴും നീലിമംഗലം" എന്നാരംഭിക്കുന്ന ഈ കവിത വായിക്കുമ്പോൾ നാം പൊടുന്നനെ പുരാതനമായ ഒരന്തരിക്ഷത്തിലേക്കു മടങ്ങിപ്പോവുന്നതായി അനുഭവപ്പെടുന്നു. പരാമർശയോഗ്യമായ നിരവധി കവിതകൾ ഈ സമാഹാരത്തിലിനിയുമുണ്ട്.

വ്യാജരചനകളോടും വ്യാജബിംബങ്ങളോടും നിർവ്യാജം വിയോജനക്കുറിപ്പെഴുതുന്ന, നാം ജീവിക്കുന്ന കാലത്തിന്റെ ആസുരതകളോടും അധാർമികനിലപാടുകളോടും മാന്യത കൈവിടാതെ ചോദ്യങ്ങൾ ഉന്നയിക്കുന്ന ഈ കവിതകളിൽ കേവലമായ ഗൃഹാതുരതയോ വിപ്ലവാവേശങ്ങളോ പ്രണയചാപല്യങ്ങളോ പഴഞ്ചൻ തത്ത്വചിന്തകളുടെ തികട്ടലോ നമുക്കു കണ്ടെടുക്കാനാവില്ല. സംസ്കാരഹത്യ (cultural on slaught) യ്ക്കെതിരായ ശബ്ദമാണ് ഈ കവിതകൾ. യാഥാസ്ഥിതികഭാവുകത്വം കവിതാബാഹ്യമെന്നു മുദ്ര

കുത്തിയകറ്റിനിർത്തിയ വിഷയങ്ങളും പദഘടനകളും പരമാവധി ഉപയോഗപ്പെടുത്തിയാണ് നീതിയുടെ നാവുള്ള ഈ കവിതകൾ സംസാരിക്കുന്നത്. നന്മനിറഞ്ഞ കാലത്തോടാണ് ഈ കവിതകൾക്കടുപ്പം. ഏതിരുട്ടിലും ഉണർന്നിരിക്കുന്ന ഒരു കണ്ണ്, ഏതു കൊടുങ്കാറ്റിലും അണഞ്ഞുപോവാത്ത ഒരു ദീപനാളം ഈ കവിതകളിലുണ്ട് എന്നു പറയുന്നതും അതുകൊണ്ടുതന്നെ. പ്രതിസംസ്കാരത്തിന്റെ ജാഗ്രതനിറഞ്ഞ ഈ കവിതകൾ കൂടുതലായി പഠിക്കപ്പെടേണ്ടതാണ്. അതുകൊണ്ടുതന്നെ ഈ ആദ്യപതിപ്പ് ആഗാമിയായ ഒരു സുദീർഘയാത്രയുടെ പ്രഥമപദമാവട്ടെ. രാജുവള്ളിക്കുന്നത്തിന്റെ കവിതാവൃക്ഷത്തിലെ ഇലച്ചാർത്തുകളിൽ നല്ല കവിതയുടെ കാറ്റ് ഇനിയുമിനിയും കൂടുകൂട്ടട്ടെ. ഇതു മാത്രമാണ് എന്റെ പ്രാർത്ഥന.

***'കോട്ടയംകാലം' (കവിതകൾ), രാജു വള്ളിക്കുന്നം, റെയ്ൻബോ ബുക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2008, വില : 50 രൂപ.***

# ഉത്സവങ്ങളുടെ രാഷ്ട്രീയവത്കരണം

സുധീർബാബു*

**ച**രിത്രം ഒരു ഉത്പന്നമാണ്.

പുരാരേഖകളിൽനിന്നും ശിലാവശിഷ്ടങ്ങളിൽനിന്നും വാസ്തുശില്പങ്ങളിൽനിന്നും നാണയങ്ങളിൽനിന്നും, സാഹിത്യങ്ങളിൽനിന്നും, നാടോടിവാങ്മയങ്ങളിൽനിന്നും ഗ്രന്ഥവരികളിൽനിന്നും മറ്റും ഉത്പാദകൻ വ്യാഖ്യാനിച്ചെടുക്കുന്ന ഒരു വ്യക്തിനിഷ്ഠ ഉത്പന്നമാണ് ചരിത്രം. വസ്തുനിഷ്ഠതയിൽനിന്നു വ്യക്തിനിഷ്ഠതയിലേക്കു സഞ്ചരിക്കുകയും വ്യക്തിയെ സ്വാധീനിച്ചിരിക്കുന്ന ആശയത്തിന്റെ മൂശയിൽ ഉരുക്കിയൊഴിച്ചു നിർമ്മിച്ചെടുക്കുകയും ചെയ്യുന്നു എന്നതാണ് ചരിത്രം എന്ന ഉത്പന്നത്തിന്റെ സവിശേഷത. ചരിത്രത്തിന്റെ ഈ ഉത്പാദനപ്രക്രിയയെ വളരെ വിദഗ്ധമായി ഉപയോഗപ്പെടുത്തുകയാണ് മാർക്സിയൻരീതിശാസ്ത്രം ഇതുവരെ ചെയ്തിട്ടുള്ളത്.

മാർക്സിയൻ രീതിശാസ്ത്രത്തെ ഉപയോഗപ്പെടുത്തി, ഭൗതികവാദത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ടു ക്ഷേത്രങ്ങളെയും ഉത്സവങ്ങളെയും പരിശോധിച്ച് അവയുടെ രാഷ്ട്രീയസംസ്കാരത്തെ കണ്ടെത്താനുള്ള ശ്രമമാണ് ഡോ. വി.വി. ഹരിദാസിന്റെ "ക്ഷേത്രം ഉത്സവം രാഷ്ട്രീയം" എന്ന പുസ്തകം. ഗ്രന്ഥലക്ഷ്യത്തെ ആമുഖത്തിൽത്തന്നെ കൃത്യമായി ഗ്രന്ഥകാരൻ വിശദമാക്കുന്നുണ്ട്. "രാഷ്ട്രീയസംസ്കാരത്തെ, പ്രത്യക്ഷത്തിൽ അതുമായി ബന്ധമില്ലെന്നു തോന്നുന്ന ക്ഷേത്രത്തിന്റെയും ഉത്സവത്തിന്റെയും ചരിത്രത്തിലൂടെ വിലയിരുത്തുകയാണിവിടെ. പാട്ടമായി നൂറുകണക്കിനു പറ നെല്ല് ക്ഷേത്രങ്ങൾക്കും ഭൂവുടമകൾക്കും ദേശവാഴികൾക്കും നാടുവാഴികൾക്കും സാമൂതിരിക്കുമൊക്കെ ലഭിക്കുന്നതിന്റെ രേഖകൾ കോഴിക്കോടൻ ഗ്രന്ഥവരിയിലുണ്ട്. പാടത്തു പണിയെടുത്തിരുന്ന ആയിരക്കണക്കിനു കർഷകത്തൊഴിലാളികളുടെ അദ്ധ്വാനഫലമാണ് കേവലം പറക്കണക്കിലൊളിഞ്ഞിരിക്കുന്നതെന്നു പക്ഷേ, ഒരു രേഖയും നമുക്കു പറഞ്ഞുതരുന്നില്ല. പേരുകളില്ലാതെ രേഖകളിൽ ഒരിക്കലും തെളിയാതെ കിടക്കുകയാണ് വിയർപ്പൊഴുക്കുന്ന യഥാർത്ഥ കർഷകൻ. അതിനാലാണ് കോവിലകം ഗ്രന്ഥവരിയുപയോഗിച്ചു കാർഷികചരിത്രവും കീഴാളചരിത്രവും എഴുതാൻ കഴിയാത്തത്... തുടർന്നുവരുന്ന താളുകളിൽ കോഴിക്കോടൻ ഗ്രന്ഥവരി ഉപയോഗിച്ച് പഠനവിധേയമാക്കുന്നത് ക്ഷേത്രകാര്യങ്ങളിലും ഉത്സവങ്ങളിലുമുള്ള രാഷ്ട്രീയമാണ്." (പുറം 9)

> **വസ്തുനിഷ്ഠതയിൽനിന്നു വ്യക്തിനിഷ്ഠതയിലേക്കു സഞ്ചരിക്കുകയും വ്യക്തിയെ സ്വാധീനിച്ചിരിക്കുന്ന ആശയത്തിന്റെ മൂശയിൽ ഉരുക്കിയൊഴിച്ചു നിർമ്മിച്ചെടുക്കുകയും ചെയ്യുന്നു എന്നതാണ് ചരിത്രം എന്ന ഉത്പന്നത്തിന്റെ സവിശേഷത.**

ക്ഷേത്രങ്ങളിലും ഉത്സവങ്ങളിലും മാർക്സിയൻസമീപനരീതികളുപയോഗിച്ച് 'രാഷ്ട്രീയസംസ്കാരവും അധികാരവും' കണ്ടെത്താനുള്ള ശ്രമമാണ് രണ്ടു ഭാഗങ്ങളുള്ള

* *അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം*

ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ നടത്തുന്നത്. 'സാമൂതിരിയും ക്ഷേത്രങ്ങളും' എന്നു പേരിട്ടിട്ടുള്ള ഒന്നാംഭാഗത്തിൽ ഉത്തരകേരളത്തിലെ പ്രസിദ്ധങ്ങളും ചരിത്രപ്രാധാന്യമുള്ളതുമായ ചില ക്ഷേത്രങ്ങളെ (തിരുനാവായക്ഷേത്രം, കുറുമ്പാഭഗവതിക്ഷേത്രം, കോഴിക്കോട് തളിക്ഷേത്രം മുതലായവ) കോഴിക്കോടൻ ഗ്രന്ഥവരി പോലുള്ള ചരിത്രരേഖകളുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതോടൊപ്പം ഭാരതത്തിലെ ക്ഷേത്രസംസ്കാരത്തിന്റെ ചരിത്രം ഹാരപ്പൻകാലഘട്ടത്തോളം ചെന്നു കണ്ടുപിടിക്കാനും ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നുണ്ട്.

"അന്നത്തെ ക്ഷേത്രങ്ങൾ സാമൂഹികജീവിതത്തിന്റെ ഏറ്റവും ഊർജ്ജസ്വലമായ കേന്ദ്രങ്ങളായിത്തീർന്നു. മതപരവും സാംസ്കാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളുടെയെല്ലാം സങ്കേതമായി മാറി ഇക്കാലത്ത് ക്ഷേത്രങ്ങൾ. വാസ്തു-ശില്പവിദ്യയുടെയും മറ്റു കലകളുടെയും ഇരിപ്പിടവുമായിത്തീർന്നു ഇവ" എന്നെഴുതിയിട്ട് കേരളത്തിലേക്കു വന്ന് സാമൂതിരിനാട്ടിലെ ക്ഷേത്രങ്ങളെക്കുറിച്ചു പറയുന്നിടത്ത് "ക്ഷേത്രം യഥാർത്ഥ ഭരണകൂടമായി വളർച്ച പ്രാപിക്കുന്നത് അതിനു കിട്ടിയ ഭൂസ്വത്തായ സങ്കേതത്തിനുമേൽ സമ്പൂർണ്ണനിയന്ത്രണം ലഭിക്കുന്നതോടെയാണ്" എന്ന വാക്യത്തിലൂടെ ഈ പുസ്തകത്തിലേക്കു മാർക്സിയൻ വിഷം കടത്തിവിടാനാരംഭിക്കുന്നു ഈ ചരിത്രകാരൻ. അധികാരം, സമ്പത്ത് എന്നീ സ്ഥിരം മാർക്സിയൻചട്ടുകങ്ങളുപയോഗിച്ചു ക്ഷേത്രസങ്കല്പത്തിന്റെ അടിസ്ഥാന ആശയങ്ങളെത്തന്നെ അട്ടിമറിക്കുമ്പോൾ ഗ്രന്ഥകാരനെന്ന നിലയിൽ ചരിത്രകാരന്റെ അജ്ഞത ഉച്ചത്തിൽ വിളിച്ചുപറയുന്നുണ്ട് ഈ പുസ്തകം. സാമൂതിരിമാർ തുടരെ ക്ഷേത്രങ്ങൾ സന്ദർശിച്ചത് ആരാധനയ്ക്കു മാത്രമായിരുന്നില്ലെന്നും അതിനു ഭക്തിക്കു പുറമെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ധൈഷണിക കാരണങ്ങളുണ്ടെന്നും പറയുമ്പോൾ മാർക്സിയൻരീതിശാസ്ത്രത്തിലെ സ്ഥിരം ചേരുവകളുടെ മടുപ്പ് വായനക്കാരനനുഭവപ്പെടും.

**അധികാരം, സമ്പത്ത് എന്നീ സ്ഥിരം മാർക്സിയൻചട്ടുകങ്ങളുപയോഗിച്ചു ക്ഷേത്രസങ്കല്പത്തിന്റെ അടിസ്ഥാന ആശയങ്ങളെത്തന്നെ അട്ടിമറിക്കുമ്പോൾ ഗ്രന്ഥകാരനെന്ന നിലയിൽ ചരിത്രകാരന്റെ അജ്ഞത ഉച്ചത്തിൽ വിളിച്ചുപറയുന്നുണ്ട് ഈ പുസ്തകം.**

'ഉത്സവത്തിലെ രാഷ്ട്രീയം' എന്നു പേരിട്ടിട്ടുള്ള പുസ്തകത്തിലെ രണ്ടാംഭാഗത്തിൽ തിരുനാവായയിലെ പ്രശസ്തമായ മാമാങ്കവും തൈപ്പൂയവും കോഴിക്കോടൻ ഗ്രന്ഥവരി രേഖകളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. അവ രണ്ടും രാഷ്ട്രീയാധീശത്വവിളംബരവും ചാവേറുകളുടെ (മ)രണോത്സവവുമാണെന്നു കണ്ടെത്തുകയാണ് ചെയ്യുന്നത്. തിരുനാവായക്ഷേത്രത്തിൽനിന്നും മറ്റു ക്ഷേത്രങ്ങളിൽനിന്നും സമാഹരിക്കപ്പെടുന്ന ധനം അധികാരരാഷ്ട്രീയത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് ഉപയോഗിക്കപ്പെട്ടുവെന്നു ചരിത്രകാരൻ കണ്ടെത്തുന്നു. സാമ്പത്തികമൂലധനത്തെ സാംസ്കാരികമൂലധനമാക്കുന്ന ഉത്സവമാണിതെന്നു ഡോ. വി.വി. ഹരിദാസ് പ്രത്യേകം എടുത്തുപറയുന്നുണ്ടെങ്കിലും ആ പ്രക്രിയയുടെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം വെളിപ്പെടുത്തുന്നില്ല അദ്ദേഹം.

മാമാങ്കത്തിലും തൈപ്പൂയത്തിലും സ്വന്തം മരണത്തിലൂടെ വീരരസം പ്രദാനം ചെയ്ത

ചാവേറുകളുടെ രാഷ്ട്രീയ-സാംസ്കാരികമാനങ്ങളെക്കുറിച്ചാണ് "ചാവേറുകളുടെ (മ)രണോത്സവം' എന്ന അധ്യായത്തിൽ പ്രതിപാദിക്കുന്നത്. പടയാളികൾക്കു യജമാനനോടുള്ള കൂറിന്റെ പേരിലുള്ള സാഹസികതയാണ് ചാവേറുകളുടെ ഉത്പത്തികാരണമെന്നും, മധ്യകാലകേരളത്തിലെ ഫ്യൂഡൽ രാഷ്ട്രീയഘടന ചാവേറുകളെ നിലനിർത്തുന്നതിനു സഹായകമായെന്നും എഴുതുന്ന ഗ്രന്ഥകാരൻ ഫ്യൂഡലിസത്തെക്കുറിച്ചുള്ള മാർക്സിയൻ കാഴ്ചപ്പാട് ഇക്കാര്യത്തിലെടുത്തു ചാർത്തുകയാണു ചെയ്യുന്നത്. "യജമാനനോടുള്ള വിധേയത്വമാണ് ഫ്യൂഡൽസമൂഹങ്ങളെ നിയന്ത്രിക്കുന്നത്. യജമാനനുവേണ്ടി മറ്റുള്ളവരെ കൊല്ലുന്നതുപോലെ സ്വാഭാവികമാണ്. പോരാട്ടത്തിൽ മരണം വരിക്കുന്നതും" (പുറം 122).

'എ.ഡി. 1766ലെ ഹൈദരാലിയുടെ കോഴിക്കോട് ആക്രമണത്തോടുകൂടി മാമാങ്കവും തൈപ്പൂയവും ഇല്ലാതായിത്തീരുകയും അങ്ങനെ ചാവേറുകൾ തിരുനാവായയിൽ വന്നു മരിക്കുന്നത് അവസാനിക്കുകയും ചെയ്തു' എന്ന് എഴുതുമ്പോൾ സമകാല കേരളരാഷ്ട്രീയത്തിലെ അധികാരമോഹികളുടെ ചാവേറുകളായി പുതുയൗവ്വനങ്ങൾ തെരുവിൽ അസ്തമിച്ചുപോകുന്നതു ചാവേറുകളുടെ പരമ്പര അവസാനിച്ചിട്ടില്ലെന്നതിനു തെളിവാണെന്നു കാണാൻ ഗ്രന്ഥകാരൻ തയ്യാറല്ലെന്നു ബോധ്യപ്പെടുത്തുന്നു. ഹൈദരാലിയുടെ കോഴിക്കോട് ആക്രമണത്തോടുകൂടി എല്ലാം അവസാനിച്ചു എന്നു പറഞ്ഞുവയ്ക്കുന്നത് ഒരു മുസ്ലീം ഭരണാധികാരിയുടെ ഇടപെടലിലൂടെ ഹിന്ദുക്കളുടെ നെറികെട്ട ഏർപ്പാടുകളൊക്കെ അവസാനിച്ചു എന്നു ധ്വനിപ്പിക്കാൻ കൂടിയാണെന്നു സംശയിക്കണം.

**ഹൈദരാലിയുടെ കോഴിക്കോട് ആക്രമണത്തോടുകൂടി എല്ലാം അവസാനിച്ചു എന്നു പറഞ്ഞുവയ്ക്കുന്നത് ഒരു മുസ്ലീം ഭരണാധികാരിയുടെ ഇടപെടലിലൂടെ ഹിന്ദുക്കളുടെ നെറികെട്ട ഏർപ്പാടുകളൊക്കെ അവസാനിച്ചു എന്നു ധ്വനിപ്പിക്കാൻ കൂടിയാണെന്നു സംശയിക്കണം.**

ഉത്സവത്തിലെ രാഷ്ട്രീയമാണ് ചാവേറുകളിലൂടെ വെളിപ്പെടുന്നതെന്നും ഉത്സവങ്ങളിലെ കാഴ്ചയുടെയും കേൾവിയുടെയും ആഘോഷത്തിൽ വർണ്ണവും വെളിച്ചവും ശബ്ദവുമായി അധികാരമുണ്ട് എന്നും ഡോ. വി.വി. ഹരിദാസ് പറയുന്നുണ്ട്. ക്ഷേത്രങ്ങളുടെയും ഉത്സവങ്ങളുടെയും രാഷ്ട്രീയവും സാമ്പത്തികവും കണ്ടെത്താനുള്ള സങ്കുചിതശ്രമത്തിനിടയിൽ അവയുടെ ദാർശനികമായ സാംസ്കാരികമൂല്യങ്ങളെ മനസ്സിലാക്കാൻ തയ്യാറാകുന്നില്ല അദ്ദേഹം. ലോകത്തെ വ്യാഖ്യാനിച്ചു മനസ്സിലാക്കാനല്ലാതെ മാറ്റിമറിക്കാനിറങ്ങിപ്പുറപ്പെട്ടവരുടെ കൂട്ടത്തിലകപ്പെട്ടുപോയതുകൊണ്ടു ഡോ. വി.വി. ഹരിദാസും ഭാരതത്തിന്റെ ദാർശനികപൈതൃകത്തെയും അതിൽനിന്നു രൂപപ്പെട്ടുവന്ന ക്ഷേത്രങ്ങളെയും ഉത്സവങ്ങളെയും മനസിലാക്കാതെ അവയുടെ അപചയാവസ്ഥയുടെ രാഷ്ട്രീയത്തെ മാത്രമാണു കാണുന്നത്. ഇതുതന്നെയാണ് മാർക്സിയൻ ചരിത്രനിർമ്മിതിയുടെ പ്രത്യേകതയും. മാർക്സിയൻരീതിശാസ്ത്രത്തിന്റെ അളവുകൂടയ്ക്കകത്തേക്കു ക്ഷേത്രങ്ങളെയും ഉത്സവങ്ങളെയും പിടിച്ചിടുകയാണ് ഈ പുസ്തകത്തിൽ ചെയ്യുന്നത്.

***'ക്ഷേത്രം ഉത്സവം രാഷ്ട്രീയം' (ചരിത്രം), ഡോ. വി.വി. ഹരിദാസ്, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, വില 95 രൂപ.***

# BHARATHEEYA VICHARA KENDRAM RESEARCH CENTRE

Recognized Research Centre of the MDS University, Ajmeer, Rajasthan

**PH.D. PROGRAMMES IN SEVEN DISCIPLINES**

Economics

Education

History

Management Studies

Philosophy

Political Science &

Sanskrit

**FOR DETAILS CONTACT**

**The Director**

Samskrithi Bhavan, GPO Lane, Thiruvananthapuram 695 001

Phone: 0471-3018031, Fax: 0471-2461567

Email: vichara@rediffmail.com

website: www.vicharakendram.org

# PRAGATI

**QUARTERLY RESEARCH JOURNAL**

**PUBLISHED BY BHARATHEEYA VICHARA KENDRAM RESEARCH CENTRE**

(Recognized Research Centre of the MDS University, Ajmeer, Rajasthan)

**Subscription Information**

Pragati is a quarterly bilingual and inter-disciplinary research journal published by the Bharatheeya Vichara Kendram Research Centre, Recognized Research Centre of the MDS University, Ajmeer, Rjasthan. For Subscriptions, please fill the form below and mail to Pragati.

I/We wish to subscribe Pragati for one year/........... years/life. The subscription fee Rs............... is sent herewith as DD/MO/Cheque drawn in favour of Pragati, Thiruvananthapuram.

Date...................................... Number................................................

Bank.........................................................................................................

Name........................................................................................................

Mailing Address........................................................................................

..................................................................................................................

..................................................................................................................

Pin...................................................... Telephone...............................

Email........................................................................................................

Date Signature

**Subscription Rate**

Single issue - Rs. 25 • Annual Subscription - Rs. 100

Three years - Rs. 250 ($100) • Life (20 years)- Rs. 2000

**Mail to**

**PRAGATI**

Samskrithi Bhavan, GPO Lane, Thiruvananthapuram 695 001

Phone: 0471-3018031, Fax: 0471-2461567

Email: vichara@rediffmail.com website: www.vicharakendram.org

# BHARATHEEYA VICHARA KENDRAM PUBLICATIONS

**(On Sale)**

| | |
|---|---|
| **Reflections on the life and Science of Sri. C.V. Raman** | **G. Venikitaraman** |
| **അടിയന്തരാവസ്ഥയിൽ എന്തു സംഭവിച്ചു** | **സംഭവങ്ങളുടെ വിവരണം** |
| **കേരളവും സ്വാതന്ത്ര്യസമരവും** | **സമാഹരിച്ചത്** |
| **Bhagavad Gita and Modern problems** | **Compiled** |
| **ഗീതാപ്രഭാവം** | **ബാലൻ വടശ്ശേരി** |
| **കേരളത്തിലെ സർവകലാശാലാ വിദ്യാഭ്യാസം പ്രതിസന്ധിയിൽ** | **ഡോ. കെ. ജയപ്രസാദ് & ഡോ. സി.ഐ. ഐസക്** |
| **ആഗോളഭീകരവാദം** | **ജി.കെ. സുരേഷ് ബാബു** |
| **ഏതെൻമേ സംശയം കൃഷ്ണ** | **സമാഹരിച്ചത്** |
| **ദേശീയ വിദ്യാഭ്യാസം** | **ഡോ. കെ. ജയപ്രസാദ് & ജി.കെ. സുരേഷ് ബാബു** |
| **ഉത്തരേതാത്മനാത്മാനാം** | **പി. പരമേശ്വരൻ** |
| **വിവേകാനന്ദനും മാർക്സും** | **പി. പരമേശ്വരൻ** |
| **വേദങ്ങളിലെ രാഷ്ട്രഗീതം** | **പി. നാരായണക്കുറുപ്പ്** |
| **National Resurgance in India** | **Compiled** |
| **Lectures on Bhagavad Gita and Management** | **Dr. C.V. Jayamani** |
| **സ്വാമി വിവേകാനന്ദനെക്കുറിച്ച് ഗുരുജി** | **വിവേകാനന്ദനെക്കുറിച്ചുള്ള ഗുരുജിയുടെ പരാമർശങ്ങളുടെ സമന്വയം** |
| **മാറുന്ന സമൂഹവും മാറാത്ത മൂല്യങ്ങളും അരുവിപ്പുറം മുതൽ അമൃതപുരി വരെ** | **പി. പരമേശ്വരൻ** |
| **കേരളത്തിൽ ചൈനാമോഡൽ സാംസ്കാരിക സാംസ്കാരിക വിപ്ലവത്തിന്റെ പടയൊരുക്കം?** | **പി. പരമേശ്വരൻ** |
| **ശ്രീനാരായണഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ (ഏഴാം പതിപ്പ്)** | **പി. പരമേശ്വരൻ** |
| **ഭീകരവാദം** | **സമാഹരിച്ചത്** |

Order to:

**Bharatheeya Vichara Kendram**

Samskrithi Bhavan, GPO Lane, Thiruvananthapuram 695 001

Phone: 0471-3018031, 9387874111 Fax: 0471-2461567

Email: vichara@rediffmail.com website: www.vicharakendram.org